# നെല്ലിക്കുത്ത് ഇസ്മാഈൽ മുസ്‌ലിയാർ

പൊന്നാനി മഖ്ദൂം കുടുംബത്തിന്റെ ഒരു കണ്ണിയാണ് മുസ്‌ലിയാരകത്ത്. ആദ്യ കാലങ്ങളിൽ മലബാറിലെ ഗ്രാമങ്ങളിൽ ഇസ്‌ലാമിക നേതൃത്വത്തിനും പ്രബോധനത്തിനും വിജ്ഞാന കേന്ദ്രമായിരുന്ന പൊന്നാനിയിൽ നിന്നും മഖ്ദൂം പണ്ഡിതന്മാർ അയക്കുന്ന പ്രതിനിധികളാണിവർ.

പിതാമഹൻ ഇങ്ങനെ പൊന്നാനിയിൽ നിന്നെത്തിയ ഒരു പണ്ഡിത വര്യനാണ്. ആ കുടുംബത്തിൽ പെട്ട പണ്ഡിതനും ഭക്തനുമായിരുന്ന മുസ്‌ലിയാരകത്ത് മുഹമ്മദ് മുസ്‌ലിയാരുടെ പുത്രനാണ് ഈസ്മാഇൽ മുസ്‌ലിയാർ.

മുഹമ്മദ് മുസ്‌ലിയാരുടെ ജ്യേഷ്ഠ സഹോദരൻ ഇസ്മാഈൽ മുസ്‌ലിയാർ പ്രമുഖ സ്വാതന്ത്ര സമര പോരാളിയും ഖിലാഫത്ത് സമര നായകനും മഹാ പണ്ഡിതനുമായിരുന്ന നെല്ലിക്കുത്ത് ആലി മുസ്‌ലിയാരുടെ സൈന്യത്തിലെ പോരാളിയും ആലി മുസ്‌ലിയാരുടെ ഇഷ്ട ശിഷ്യനുമായിരുന്നു.

തിരൂരങ്ങാടിയിൽ ബ്രിട്ടീഷുകാർ ആലി മുസ്‌ലിയാരെ തുരത്താൻ വേണ്ടി പള്ളി വളയുകയും വെടി വെച്ച് ഭീകര താണ്ഡവം നടത്തുകയും ചെയ്തു. ഈ വെടിനെപ്പിൽ ധീരമായി ചെറുത്തു നിന്ന് രക്തസാക്ഷിയായ സഹോദരന്റെ വിയോഗം മുഹമ്മദ് മുസ്‌ലിയാരെയും മുസ്‌ലിയാരകത്ത് കുടുംബത്തെയും തീരാ ദു:ഖത്തിലാഴ്ത്തി.

മുഹമ്മദ് മുസ്‌ലിയാരുടെ പത്നി ശാരീരികാസ്വാസ്ഥ്യം ബാധിച്ച് കിടക്കുന്ന സന്ദർഭത്തിലായിരുന്നു സഹോദരന്റെ വിയോഗം. അധികം താമസിയാതെ മുഹമ്മദ് മുസ്‌ലിയാരുടെ പത്നി ഇഹലോക വാസം വെടിഞ്ഞു. ഇവരിൽ മുഹമ്മദ് മുസ്‌ലിയാർക്ക് ഇസ്മാഈൽ, ആയിശ, ഖദീജ എന്നീ സന്താനങ്ങളുണ്ടായിരുന്നു.

ജ്യേഷ്ഠ സഹോദരനായ ശഹീദ് ഇസ്മാഇൽ മുസ്‌ലിയാരുടെ വിധവ മർയത്തിന് ഒരു പെൺകുട്ടി മാത്രമാണുണ്ടായിരുന്നത്. ഫാതിമ, അവർ ഇന്നും ജീവിച്ചിരിപ്പുണ്ട്. അല്ലാഹു ദീർഘായുസ്സ് നൽകട്ടെ.

പത്നിയുടെ വിവാഹാനന്തരം ജ്യേഷ്ഠ സഹോദരനായ ശഹീദ് ഇസ്മാഈൽ മുസ്‌ലിയാരുടെ വിധവയെ വിവാഹം ചെയ്യുകയും ആ കുടുംബത്തെ ഏറ്റെടുക്കുകയുമായിരുന്നു.

മാതൃകാ യോഗ്യരായ മുഹമ്മദ് മുസ്‌ലിയാർ, മറിയം ദമ്പതിമാരിൽ ഏക പുത്രനാണ് നെല്ലിക്കുത്ത് ഇസ്മാഈൽ മുസ്‌ലിയാർ. സഹോദരൻ ശഹീദ് ഇസ്മായഈൽ മുസ്‌ലിയാരുടെയും നേരത്തെ മരണപ്പെട്ട പുത്രൻ ഇസ്മാഈലിന്റെ സ്മരണകൾ നിലനിർത്തി ത്യാഗവര്യനായ ഇസ്മാഈൽ നബിയുടെ അനുഗ്രഹം അഭിലിച്ച് നൽകപ്പെട്ട നാമം. ആമിന പാത്തുണ്ണി എന്നീ രണ്ട് പെൺകുട്ടികളും ഈ ബന്ധത്തിലുണ്ടായി.

മതഭക്തരും പണ്ഡിത സ്നേഹികളുമായ കോട്ടക്കുത്ത് തറവാട്ടിലാണ് ഉമ്മ മർയത്തിന്റെ ജനനം, നെല്ലിക്കുത്തെ ഇസ്‌ലാമിക സാമൂഹിക രംഗങ്ങളിൽ എന്നും മുന്നിട്ടു നിൽകുന്ന കോട്ടക്കുത്ത് തറവാനാട്ടുകാരാണ് നെല്ലിക്കുത്ത് ജുമുഅത്ത് പള്ളി നിർമിച്ചത്.

തന്റെ പ്രതീക്ഷക്കൊത്ത് വളർന്ന് വരുന്ന മിടുക്കനായ പൊന്നാരമോനെ ലാളിച്ച് കഴിയുന്ന പിതാവ് മുഹമ്മദ് മുസ്‌ലിയാർക്ക് ആ അനുഗ്രഹം നീണ്ടു നിന്നില്ല. ഇസ്മാഈൽ മുസ്‌ലിയാർക്ക് ഏഴു

വയസ്സായപ്പോൾ പിതാവ് ഇഹലോക വാസം വെടിഞ്ഞു. പിന്നീട് മാതാവിന്റെയും മാതുലന്മാരുടെയും പരിചരണയിൽ വളർന്ന ഇസ്മാഈൽ മുസ്ലിയാർ കുശാഗ്ര ബുദ്ധിയുടെയും സ്ഥിരോത്സാഹത്തിന്റെയും ഉടമയായിരുന്നു. കുട്ടിയുടെ ഈ സവിശേഷത മനസ്സിലാക്കിയ മാതാവ് അദ്ദേഹത്തെ മതപഠനത്തിനയച്ചു. ഒരു വലിയ പണ്ഡിതനാകണം. മാതാവിന്റെ ആഗ്രഹം അതായിരുന്നു. പക്ഷെ, പതിനെട്ട് വയസ്സ് പ്രായമായ മകനെ വിട്ട് മാതാവ് പരലോകം പ്രാപിച്ചു. ജീവിതം അതി സങ്കീർണ്ണമായ ഒരു സന്നിഗ്ധാവസ്ഥയിൽ എത്തിപ്പെട്ട സാഹചര്യം മാതാവിന്റെ വിയോഗം വരുത്തി വെച്ച ആഘാതത്തിൽ നിന്ന് വിട്ടു മാറാൻ വളരെ പാടു പെടേണ്ടി വന്നു.

ഇസ്മാഈൽ മുസ്ലിയാർ വളരെ സൂക്ഷിച്ച് നീങ്ങി. തന്റെ പഠനത്തിന് തടസ്സം നേരിടാതിരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. ദർസ് പഠനം കഴിഞ്ഞ് ഉപരി പഠനത്തിന് ഈജിപ്തിലെ അൽ അസ്ഹർ യൂണിവേഴ്സിറ്റിയിലേക്ക് പോകാനായുരുന്നു ഉദ്ദേശം. പിതാവിന്റെയും മാതാവിന്റെയും ലഭിച്ച ഭൂമിയുണ്ട് അത് വിറ്റു കിട്ടുന്ന കാശുമായി ഈജിപ്തിൽ പോവുക. വിജ്ഞാനത്തിന്റെ വഴിയിൽ ഒരു തീർത്ഥയാത്ര.

പക്ഷെ, നാട്ടുകാരും കുടുംബക്കാരും ഈ ഉദ്യമത്തിൽ നിന്നും പിന്തിരിപ്പിച്ചു. അവസാനം നാട്ടുകാരുടെ ഉപദേശം സ്വീകരിക്കേണ്ടി വന്നു. "സ്വത്ത് വിൽകാൻ അനുവധിക്കാതെ എന്റെ യാത്ര മുടക്കിയത് എന്നോടുള്ള സ്നേഹം കൊണ്ട് മാത്രമായിരുന്നു. അവരുടെ ആത്മാർത്ഥമായ സ്നേഹത്തിനു മുന്നിൽ കീഴടങ്ങേണ്ടി വന്ന ഞാൻ ദയൂബന്ധിലാണ് ഉപരിപഠനത്തിന് പോയത്. നാട്ടുകാർ ആവശ്യമായ സഹായ സഹകരണങ്ങൾ ചെയ്തു തരികയും ചെയ്തു."

ദയൂബന്ധിൽ പഠിക്കുമ്പോഴാണ് ഉമ്മയുടെ കുടുംബത്തിലെ പ്രമുഖ പണ്ഡിതനും വൈദ്യ വിശാരദനും സൂഫീ വര്യനും തന്റെ പ്രധാന ഗുരുവര്യനുമായ നെല്ലിക്കുത്ത് കുഞ്ഞസ്സനാജിയുടെ പുത്രി ഹലീമയെ വിവാഹം ചെയ്യുന്നത്.

മുഹമ്മദ് അബ്ദുൽ ജബ്ബാർ, അബൂബക്കർ സിദ്ദീഖ്, ഉമറുൽ ഫാറൂഖ് സഖാഫി, മറിയുമ്മ (പുലാമന്തോൾ പുഴയുടെ അക്കര ജോലി ചെയ്യുന്ന മുഹമ്മദ് മുസ്ലിയാരുടെ ഭാര്യ) ,ഖദീജ (ഭർത്താവ് പള്ളിക്കൽ ബസാർമുദരിസ് അഹ്മദ് ദാരിമി ഒഴുകൂർ), ആയിശ (അബ്ദുൽ അസീസ് സഖാഫി വെള്ളയൂർ , മർകസ് ശരീഅത്ത് കോളേജ് മുദരിസ്), ഫാതിമ (അബ്ദുറഷീദ് സഖാഫി ഏലംകുളം) എന്നിവർ മരുമക്കളാണ്. മരുമക്കളെല്ലാം പണ്ഡിതന്മാരായ ശിഷ്യരാണ്.

## പഠനം:-

സ്വന്തം മാതാപിതാക്കളിൽ നിന്നും പിന്നീട് നെല്ലിക്കുത്ത് പള്ളിയിൽ നിന്നും പഠനമാരംഭിച്ച് നിലമ്പൂർ, പുല്ലാര, കിടങ്ങയം, വെട്ടിക്കാട്ടിരി, വെട്ടത്തൂർ, മഞ്ചേരി, കരുവാരക്കുണ്ട്, പൊടിയാട്, തുടങ്ങിയ പള്ളി ദർസുകളിൽ പഠിച്ചിട്ടുണ്ട്. പിന്നീട് ദയൂബന്ധിൽ രണ്ടു വർഷം ഉപരി പഠനം നടത്തുകയും ഹദീസ് ശാസ്ത്രത്തിൽ പ്രാഗത്ഭ്യം നേടുകയും ചെയ്തു.

തന്റെ ഭാര്യാ പിതാവ് നെല്ലിക്കുത്ത് കുഞ്ഞസ്സനാജിയുടെ കൂടെ തന്നന്നെയാണ് പ്രധാനമായും പഠിച്ചത്. മർഹൂം കെ.സി ജമാലുദ്ദീൻ മുസ്ലിയാർ, കെ.കെ കുഞ്ഞമ്മദ് മുസ്ലിയാർ, മഞ്ചേരി അബ്ദുറഹ്മാൻ മുസ്ലിയാർ, കുട്ടി മുസ്ലിയാർ(ബാഖിയാത്ത് പ്രിൻസിപ്പൾ) തുടങ്ങിയ മഹാ പണ്ഡിതരിൽ നിന്നാണ് വിജ്ഞാനം നേടിയത്.

ചെറുശ്ശേരി സൈനുദ്ദീൻ മുസ്ലിയാർ, കാപ്പിൽ ഉമർ മുസ്ലിയാർ, എടപ്പറ്റ കുഞ്ഞാണി മുസ്ലി

യാർ, കെ. എസ് മുഹമ്മദ് മുസ്‌ലിയാർ തുടങ്ങിയവർ സതീർത്ഥ്യരാണ്.

1964ലാണ് സേവന രംഗത്തിറങ്ങുന്നത്. മൊറയൂരിനടുത്ത അരിമ്പ്ര എടക്കോട്ട് പള്ളിയിൽ മുദരിസായി പൊതു ജീവിതം തുടങ്ങി. ഇടക്കൊരു വർഷം നെല്ലിക്കുത്ത് മുദരിസായി സേവനം ചെയ്തു. 1969മുതൽ അരിമ്പ്ര ഖാളിയാണ്. പിന്നീട് പുല്ലാരയിൽ മൂന്നു വർഷവും കാവനൂരിൽ ഒരു വർഷവും പൊടിയാട്ട് (ആലത്തൂർ പടി) രണ്ടു വർഷവും ദർസ് നടത്തി. ഇക്കാലത്തിനിടക്ക് തന്റെ പ്രഖ്യാപിത ലക്ഷ്യമായ 100 പ്രഗത്ഭ ശിഷ്യന്മാരെ വളർത്തിയെടുത്ത് കഴിഞ്ഞിരുന്നു.

വലിയോറ ഉമർ മുസ്‌ലിയാർ, പൊടിയാട് ഇ.കെ മുഹമ്മദ് മുസ്‌ലിയാർ, തലപ്പുഴ ഹസൻ മുസ്‌ലിയാർ, സി.കെ നഗർ അബ്ദു മുസ്‌ലിയാർ, ചെറുകുളം അലവി മുസ്‌ലിയാർ, ചെറുവേരി ഇബ്‌റാഹിം മുസ്‌ലിയാർ തുടങ്ങിയവർ ആദ്യകാല ശിഷ്യന്മാരാണ്.

ഇവർക്ക് പുറമെ നൂറുകണക്കിന് ദാരിമി ബിരുദദാരികളും ഇത് വരെയുള്ള ആയിരക്കണക്കിന് സഖാഫികളും ശിഷ്യന്മാരാണ്.

## സംഘടനാ രംഗത്ത്:–

ഏറനാട് താലൂക്ക് ജംഇയ്യത്തുൽ ഉലമയിലൂടെയാണ് സംഘടനാ രംഗത്ത് വരുന്നത്. ശൈഖുനാ കെ.സി ജമാലുദ്ദീൻ മുസ്‌ലിയാർ താലൂക്ക് പ്രസിഡണ്ടായിരുന്ന കാലം ഇസ്മായിൽ മുസ്‌ലിയാർ വൈ.പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. ഗുരുവും ശിഷ്യനും പ്രധാന സാരഥികളായി ജംഇയ്യത്തുൽ ഉലമ പ്രവർത്തനം സജീവമായി.

മഞ്ചേരിയിലെ ക്രിസ്ത്യൻ മിഷനറിമാർക്കും വ്യാജ ത്വരീഖത്തുകാർക്കുമെതിരെ ശക്തമായി രംഗത്തുണ്ടായിരുന്നു. അവിഭക്ത സമസ്ത കേരള ജംഇയ്യത്തുൽ ഉലമ മലപ്പുറം ജില്ലാ വൈ.പ്രസിഡണ്ടാണ്.

കേന്ദ്ര മുശാവറ അംഗം, ഫത്‌വാ കമ്മിറ്റി മെമ്പർ, അഖിലേന്ത്യാ ജംഇയ്യത്തുൽ ഉലമ മെമ്പർ, മഞ്ചേരി ജാമിഅഃ ഹികമിയ്യ: പ്രസിഡണ്ട്, തുടങ്ങിയ സ്ഥാനങ്ങൾ വഹിക്കുന്ന അദ്ദേഹം മലപ്പുറം ജില്ലാ സംയുക്ത ഖാസിയാണ്.

സുന്നിവോയ്സ് ദ്വൈവാരികയുടെ ചീഫ് എഡിറ്ററായി ഒരു ദശവത്സരക്കാലം സേവനം ചെയ്തു. പൂങ്കാവനം , അൽ ഇർഫാദ് മാസികകളുലെ ചോദ്യോത്തര പംക്തി കൈകാര്യം ചെയ്തു.

സംയുക്ത ഖാസി:-

സംയുക്ത ഖാസി എന്ന നിലക്കുള്ള സേവന മേഖലകളെ കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം വാചാലനായി. മാസം ഉറപ്പിക്കുകയും ഇസ്‌ലാമിക സമൂഹത്തിന് ആത്മീയ നേതൃത്വം നൽകുകയും ചെയ്യുന്ന വളരെയേറെ ഉത്തരവാദിത്വമുള്ള കാര്യമാണ്.

ഇവ്വിഷയത്തിൽ കേരള മുസ്‌ലിംകൾക്കിടയിൽ പുത്തനാശയക്കാർ സമർത്ഥമായി മുതലെടുക്കുകയായിരുന്നു. സാത്വികരായ ഖാസിമാരെ ദുരുപയോഗപ്പെടുത്തി തങ്ങളുടെ ദുഷ്ട ലക്ഷ്യങ്ങൾ നേടിക്കൊണ്ടിരുന്ന പുത്തൻ ആശയക്കാരെ തളച്ച് കെട്ടാനും അവരോട് പ്രതിരോധിക്കാനും പല മാർഗ്ഗങ്ങളിലൂടെ പണ്ഡിതന്മാർ ശ്രമിച്ചെങ്കിലും മാസപ്പിറവി ഉറപ്പിക്കുന്ന വിഷയത്തിൽ പലപ്പോഴും വഹാബി താൽപര്യങ്ങൾക്ക് മുൻഗണന ലഭിക്കുന്ന അവസ്ഥയാണുണ്ടായത്. ഈ സാഹചര്യത്തിൽ ഒരു ബദൽ സംവിദാനം ഏർപെടുത്തുകയല്ലാതെ മറ്റു വഴികളുണ്ടായിരുന്നില്ല.

സംയുക്ത ഖാസി ആദ്യമായി നിയമിക്കപ്പെട്ടത് മലപ്പുറം ജില്ലയിലാണ്. തുടർന്ന് മറ്റു ജില്ലകളിലും ഖാസിമാർ നിയമിക്കപ്പെട്ടു.

സംയുക്ത ഖാസിമാർ വന്നതോടെ പലഭാഗത്തു നിന്നും എതിർപ്പുകളുണ്ടായെങ്കിലുംമാസപ്പിറവി ഉറപ്പിക്കുന്നതിൽ നേരത്തേ പിടിമുറുക്കിയിരുന്ന വഹാബി സ്വാധീനം ഇല്ലായ്മ ചെയ്യാൻ കഴിഞ്ഞു. ചിലർ ആദ്യമൊക്കെ ഒരു പ്രതികാര കണ്ണോടെ കണ്ടെങ്കിലും ക്രമേണ കാര്യം മനസ്സിലായി പരസ്പരം സഹകരിക്കാനും വഹാബി ഗൂണ്ഡാലോചനകളിൽ നിന്ന് ഒഴിഞ്ഞ് മാറാനും തയ്യാറായി. കഴിഞ്ഞ നോമ്പും പെരുന്നാളുമൊക്കെ സുന്നികൾ ഒന്നിച്ച് ആചരിക്കുകയും വഹാബികൾ ഒറ്റപ്പെടുകയും ചെയ്തത് കണ്ടില്ലേ ? ഇതായിരുന്നു ഖാസി നിയമനത്തിന്റെ ലക്ഷ്യം. വഹാബി തന്ത്രങ്ങൾ ഓരോന്നായി പരാജയപ്പെടുകയാണ്. പരാജയങ്ങളിൽ നിന്ന് തങ്ങൾകേറ്റ നാണക്കേട് മറച്ചു വെക്കാൻ ശിഹാബ് തങ്ങളും മർഹൂം വലിയ ഖാസിയും കൈകൂലി വാങ്ങി എന്നു വരെ ആരോപിക്കാൻ വഹാബികൾ മുതിർന്നിരിക്കുകയാണിപ്പോൾ.

## ജീവിതത്തിലെ പ്രധാന അനുഭവങ്ങൾ:

ബഹുവന്ദ്യരായ ശംസുൽ ഉലമയുടെ കൂടെ അഞ്ച് വർഷം നന്തി ദാറുസ്സലാമിൽ കഴിച്ചു കൂട്ടിയ കാലം ഏറ്റവും നല്ല അനുഭവങ്ങളായിരുന്നു. അദ്ദേഹത്തിന്റെ ചിന്തകളും ദർസ് ശൈലിയും അടുത്തറിയാൻ കഴിഞ്ഞു. അൽ ഇർഫാദ് എഡിറ്റർ പി.എം.കെ ഫൈസിയുമൊത്ത് താൻ എഴുതിയ "തൗഹീദ് ഒരു സമഗ്ര പഠനം " ഇ.കെ.ക്ക് വായിച്ച് കേൾപിച്ചപ്പോൾ ഒരു ചെറിയ തിരുത്ത് മാത്രമാണ് നിർദ്ദേശിച്ചത്.

മഞ്ചേരിയിൽ ഓതിപ്പഠിക്കുന്ന കാലം. കച്ചേരിപ്പടിപള്ളിയിൽ ജമാഅത്തുകാർ വന്നു. കച്ചേരിപ്പടി ഖാസിയെ വശീകരിച്ച് അയാളെയും വശത്താക്കി. ഞാൻ മുതഅല്ലിമാണെങ്കിലും അല്ലാഹുവിന്റെ അനുഗ്രത്താൽ ജമാഅത്തുകാരുമായി വാദപ്രതിവാദം നടത്തി. അവരെ പരാജയപ്പെടുത്തുകയും അവസാനം നാട്ടുകാർ ജമാഅത്തുകാരനായ ഖാസിയെ ഒഴിവാക്കുകയും ചെയ്തു.

മുക്കുതലയിൽ വഹാബികൾക്കെതിരെ ഖുതുബ പരിഭാഷയെ സംഭന്ധിച്ചു കോടതയിൽ ഹാജറായി. ഈ കേസിലും വഹാബികൾ പരാചയപ്പെടുകയായിരുന്നു.

## മർകസിൽ വരുമ്പോൾ

ബഹു ശംസുൽ ഉലമാ ഇ കെ അബൂബക്കർ മുസ്‌ലിയാർ നന്തി ദാറുസ്സലാം അറബിക് കോളേജ് പ്രിൻസിപ്പാളും ഞാൻ വൈസ് പ്രിൻസിപ്പാളുമായി 1984 ൽ സേവനം ചെയ്ത് വരികയായിരുന്നു. അന്ന് കാരന്തൂർ മർകസു സ്സഖാഫത്തിസ്സുന്നിയ്യയുടെ പ്രസിഡണ്ട് ശംസുൽ ഉലമയായിരുന്നു. ശംസുൽ ഉലമയുടെ സമ്മതപ്രകാരം മർകസ് ജനറൽ സിക്രട്ടറി കാന്തപുരം എപി അബൂബക്കർ മുസ്ലിയാർ എന്നെ മർകസിലേക്ക് മുദരിസ്സായി ക്ഷണിച്ചു. നന്തിയിൽ അഞ്ചു വർഷം സേവനം ചെയ്ത ശേഷം 1985 മുതൽ ഞാൻ മർകസ് ശരീഅത്ത് കോളേജിലെ ശൈഖുൽ ഹദീസായി സേവനത്തിന് പ്രാരംഭം കുറിച്ചു.

# മർകസിലൂടെ സഞ്ചരിച്ചപ്പോൾ

ബഹു ശൈഖുനാ കാന്തപുരം ഉസ്താദ് മർകസ് കെട്ടിപ്പടുക്കുന്നതിലുള്ള ദീർഘ വീക്ഷണവും അദ്ദേഹത്തിന്റെ പ്രവർത്തനത്തിലുള്ള തവക്കുലുംഅഥവാ അള്ളാഹുവിനെ ഭര മേൽപ്പിക്കുക എന്നെ വളരെ ശ്രദ്ധേയമാക്കി.

**രചനകൾ**

1– മിർആത്തുൽ മിശ്കാത്ത് 8 വാല്യം

2– അഖീദത്തുസ്സുന്ന

3– ഫിഖ്ഹുസ്സുന്ന

4– തസ്രീഹുൽമൻതിഖിന്റെ ഹാശിയ

5– മുല്ലാഹസന്റെ തഖ്രീർ

6– രിസാലത്തുൽ മാറദീനിയ്യയുടെ ഹാശിയ

7– ജംഉൽ ജവാമിഇന്റെ ഹാശിയ

8– ജലാലൈനിയുടെ ശർഹ്

9– തൗഹീദ് ഒരു സമഗ്ര പഠനം

10– മതങ്ങളിലൂടെ ഒരു സമഗ്ര പഠനം

11– ഇസ്ലാമിക സാമ്പത്തിക ശാസ്ത്രം

12– ഇസ്ലാം മതം

13– ഫതാവാ 3 വാള്യം

14– മദ്ഹബ് ഒരു സമഗ്ര പഠനം

15– ആദർശ ഗാനം

# അഭിമുഖം

ശൈഖുൽ ഹദീസ് ശൈഖുനാ നെല്ലിക്കുത്ത് ഉസ്താദുമായി വെട്ടിച്ചിറ മജ്മഅ് സാരഥി സുലൈമാൻ സഖാഫി മാളിയേക്കൽ നടത്തിയ അഭിമുഖത്തിൽ നിന്ന് :

മജ്മഅ് പുരസ്കാര ജേതാവ് ശൈഖുൽ ഹദീസ് നെല്ലിക്കുത്ത് ഇസ്മാഈൽ മുസ്ലിയാരുമായി സുലൈമാൻ സഖാഫി മാളിയേക്കൽ നടത്തിയ ദീർഘ സംഭാഷണം. സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ മലപ്പുറം ജില്ലാ അധ്യക്ഷൻ, കേന്ദ്ര മുശാവറ അംഗം, ഫത്വാ ബോർഡ് അംഗം, ജില്ലാ സംയുക്ത ഖാസി, നിരവധി ഗ്രന്ഥങ്ങളുടെ കർത്താവ്, പ്രഭാഷകൻ അതിലൊക്കെ ഉപരി പ്രകൽപനായ മുദരിസും മർകസിലെ ശൈഖുൽ ഹദീസുമാണ് ശൈഖുനാ നെല്ലിക്കുത്ത് ഇസ്മാഈൽ മുസ്ലിയാർ. ഇസ്ലാമിക പ്രബോധന രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ഉന്നത വ്യക്തികൾക്ക് അഞ്ച് വർഷത്തിലൊരിക്കൽ നൽകപ്പെടുന്ന മജ്മഅ് പുരസ്കാരത്തിന്റെ പ്രഥമ ജേതാവ് കൂടിയാണദ്ദേഹം. മജ്മഉൽ ഉലൂമിന് വേണ്ടി ഉസ്താദ് ദീർഘമായി സംസാരിച്ചു. സംഭാഷണം നിർത്തി എഴുന്നേൽക്കുമ്പോൾ ഉസ്താദ്

പറഞ്ഞു ഇത് അത്ഭുതമായിരിക്കുന്നു. സർജെരിക്കു ശേഷമുള്ള ഈ വിശ്രമവേളയിൽ പതിനഞ്ച് മിനുട്ട് പോലും എനിക്കിരിക്കാൻ കഴിയാറില്ല. ഇപ്പോൾ ഉസ്താദ് സന്തോഷവാനാണ് ആരോഗ്യം വീണ്ടെടുത്ത് തുടങ്ങി മർകസിന്റെ സ്വന്തം ശൈഖുൽ ഹദീസ് റബീഉൽ അവ്വലോടെ വിജ്ഞാനത്തിന്റെ ലോകത്തിലേക്ക് വീണ്ടും തിരിച്ചെത്തുകയാണ്. മാളിയേക്കൽ സുലൈമാൻ സഖാഫിയുമായി നടത്തിയ ദീർഘ സംഭാഷണത്തിൽ ഉസ്താദ് എല്ലാം തുറന്ന് പറയുന്നു. കോളേജ് പഠനകാലം, സംവാദങ്ങൾ, പ്രാസ്ഥാനിക വിഷയങ്ങൾ, ആദർശ പോരാട്ടങ്ങൾ, തനിക്ക് നേരെ നടന്ന വധശ്രമം, സമസ്ത: പിളർപ്പിന്റെ പാശ്ചാത്തലം... അങ്ങിനെ എല്ലാം.

മാളിയേക്കൽ: ഉസ്താദിന്റെ കുടുംബം, പഠനകാലം തുടങ്ങിയവ മുമ്പ് പ്രസിദ്ധീകരിക്കപ്പെട്ടതാണല്ലോ. നമുക്ക് ഈ സംഭാഷണം കോളേജ് ജീവിതത്തിൽ നിന്ന തുടങ്ങാം. ഏത് വർഷത്തിലാണ് കോളേജിൽ നിന്ന് ഒഴിവായത്? എന്തെല്ലാമായിരുന്നു കോളേജ് അനുഭവങ്ങൾ ?

ശൈഖുനാ: ഞാൻ 1964 ലാണ് ദയൂബന്തിൽ നിന്ന് ഒഴിവാകുന്നത്, തഹ്സീലായി വരുന്നത്. എല്ലാവരും ദയൂബന്തിൽ ഒരു കൊല്ലം പോയി ദൗറത്തുൽ ഹദീസ് മാത്രം പഠിച്ച് പോരലാണ് പതിവ്. ഞാനതിന്റെ പുറമെ രണ്ടാമതൊരു കൊല്ലം കൂടി ദയൂബന്തിൽ പോയി. അതിന്റെ പ്രധാന കാരണം ഇവിടെയില്ലാത്ത പലകിതാബുകളും അന്ന് അവിടെ ദർസിലുണ്ട്. പ്രധാനമായും ബിസ്തബാബ്.

ബിസ്ത ബാബ് എന്ന് പറഞ്ഞാൽ നമ്മുടെ രിസാലയുടെ ജേഷ്ടനാണ്. അതെ ഫന്നിലുള്ള ഒരു കിതാബാണ് ബിസ്ത ബാബ് എന്ന കിതാബ്. അത് രിസാലയിലെ ഇൽമ് ഉസ്തുർലാബ് കൊണ്ട് എങ്ങനെയാണ് മനസ്സിലാവുക എന്നതാണ് ആ കിതാബിന്റെ ചുരുക്കം. ആ കിതാബാണെങ്കിൽ പേർഷ്യൻ ഭാഷയിലുമാണ് അറബിയിലല്ല. അപ്പോൾ അത് ഓതണം. അന്ന് കേരളത്തിൽ ഉസ്തുർലാബിന്റെ ഇൽമില്ല. അപ്പോൾ അത് പഠിക്കണം എന്ന നിലക്കാണ് രണ്ടാമത്തെ ഒരു കൊല്ലം കൂടി പോയത്. പിന്നെ ഇവിടെയില്ലാത്ത പലകിതാബുകളും സബഠ, സംശ്ബാജിക എന്നീ മൈബതിന്റെ ജേഷ്ഠൻമാരായ രണ്ട് കിതാബുകളുണ്ട് അത് പഠിക്കണം അതുപോലെ ശർഹുൽ അഖാഇദിന്റെ ജേഷ്ഠനായിട്ട് ശർഹുൽ മഖാസ്വിദ്, ശറഹുൽ മവാഫിഖ് അതൊക്കെ ഓതണെ എന്ന് വിചാരിച്ച് രണ്ടാമതൊരു കൊല്ലം കൂടി പോയിരുന്നു. ആദ്യത്തെ കൊല്ലമൊക്കെ ഞാൻ വളരെ ശ്രമിച്ചു. പരീക്ഷയിലൊക്കെ കേരളത്തിൽ പേര് വരണമെന്ന് വിചാരിച്ച് വളരെ ശ്രമിച്ചെങ്കിലും ഫസ്റ്റായി പാസ്സാകാൻ കഴിഞ്ഞില്ല. കാരണം അവരുടെ ശൈലിയും നമ്മുടെ ശൈലിയും രണ്ടും രണ്ടാണ്. രണ്ടാമത്തെ കൊല്ലം അവരുടെ ശൈലി മനസ്സിലാക്കിയപ്പോൾ എല്ലാ കിതാബിലും ഫസ്റ്റായി പാസ്സായി. എന്ന് മാത്രമല്ല പോരുമ്പോൾ അവിടുത്തെ ഉസ്താദുമാർ കുറെ മദ്ഹുകൾ... അവിടെ കോളേജിൽ വെച്ച് കുറെ വാദപ്രദിവാദങ്ങളും മറ്റും നടത്തിയിട്ടുണ്ട്. അങ്ങനെ വിദ്യാർത്ഥികൾക്കിടയിലും ഉസ്താദുമാരുടെ ഇടയിലും നല്ലൊരു സൽപ്പേരും ഉണ്ടായിരുന്നു. അതനുസരിച്ച് വളരെ വളരെ അഹമ്പാവത്തോട കൂടിയാണ് ഞാൻ ഇങ്ങോട്ട് കേരളത്തിലേക്ക് വരുന്നത്. ഏതെങ്കിലും വലിയൊരു ദർസ് അല്ലെങ്കിൽ കോളേജിൽ തന്നെ മുദരിസാവാം എന്നുള്ള അഹമ്പാവത്തിലാണ് വന്നത്.

മാളിയേക്കൽ: ഇടക്ക് ഒരു ചോദ്യം. കോളേജിൽ വെച്ച് വാദപ്രതിവാദങ്ങൾ നടത്തി എന്ന് പറഞ്ഞല്ലോ ഒന്ന് രണ്ട് അനുഭവങ്ങൾ പറയാമോ?

ശൈഖുനാ: പറയാം. അന്ന് വാസ്തവത്തിൽ ദയൂബന്തിനെ സംബന്ധിച്ച് വേണ്ടത് പോലെ ഞങ്ങളാരും മനസ്സിലാക്കാതെയാണ് ഞാൻ, സുലൈമാൻ മുസ്ലിയാർ, പൊന്മള പോലുള്ള ആളുകളൊക്കെ ദയൂബന്തിലേക്ക് പോയത് അവിടെ പോയതിന് ശേഷമാണ്. അവരുടെ ആശയം മനസ്സിലായത് അങ്ങിനെ ഞങ്ങൾ അവിടെ റബീഉൽ അ വ്വൽ വന്നപ്പോൾ നമ്മുടെ കേരളക്കാരുടെ പതിവനുസരിച്ച് മൗലിദ് ഓതി. മൗലിദിന് വാസ്തവത്തിൽ ദയൂബന്തികൾ എതിരാണ് അത് ഞങ്ങൾ അറിയില്ല.

മാളിയേക്കൽ: ദയൂബന്തികൾ തബ്ലീഗ് ജമാഅത്തുകാരാണോ?

ശൈഖുനാ: ദയൂബന്തികളും തബ്ലീഗ് ജമാഅത്തും രണ്ടാണ്. ദയൂബന്തിൽ തബ്ലീഗ് ജമാഅത്തിന്റെ ആശയക്കാരും അല്ലാത്തവരും ഉണ്ട്. ദയൂബന്തിൽ പഠിപ്പിക്കുന്ന ഉസ്താദുമാർ കോളേജ് കമ്മിറ്റി ഇവരിലൊക്കെ രണ്ടുമുണ്ട്. ഞങ്ങൾ പഠിക്കുന്ന കാലത്ത് അല്ലാമ ഇബ്റാഹീം ബാഖവി എന്നയാൾ തബ്ലീഗിനെതിരാണ്. അദ്ദേഹമാണ് പ്രിൻസിപ്പൽ. അങ്ങിനെ ഞങ്ങൾ മൗലിദ് ഓതിയപ്പോൾ തെക്കൻ ഭാഗങ്ങളിൽ നിന്ന് ജമാഅത്ത് അനുകൂലികളായ ചില വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. അവർ ഉസ്താദുമാർക്ക് കേസ്കൊടുത്തു. കേരളക്കാർ മൗലിദ് ഓതുന്നുണ്ട് നമ്മൾ മൗലിദിന് എതിരാണല്ലോ. അങ്ങനെ തുർമുദി ക്ലാസ്സിൽ വൈസ് പ്രൻസിപ്പൾ ഫഖ്റുൽ ഹസ്സൻ ആണ് അന്ന് തുർമുദി സബ്ഖെടുക്കുന്നത്. അയാൾ വിചാരണ ചെയ്തു എന്താ കേരളക്കാർ മൗലിദ് ഓതിയാോ റബീഉൽ അവ്വലിന് എന്ന് ചോദിച്ചു. ചോദിച്ചപ്പോൾ അക്കൂട്ടത്തിൽ ഒരു സാധു മുസ്‌ലിയാരുണ്ട്. അയാൾ പറഞ്ഞു. ഹലിൽ മൗലൂദു ഹറാമുൻ ഇൻദഖ് എന്താ മൗലിദ് നിങ്ങളുടെ അടുക്കൽ ഹറാമാണോ ? അത് തീരെ ഒരു ബഹുമാനമില്ലാത്ത സ്വബാവത്തിലായില്ലോയി. ഇൻദക് എന്നുമാണ് ചോദിച്ചത്. എല്ലാം കൂടി അയാളുടെ ശൈലിയിലൊക്കെ വളരെ കേരളക്കാർക്ക് രസമായി തോന്നിയെങ്കിലും മറ്റുള്ളു ഉർദ്ദു വിദ്യാർത്ഥികൾ അത് അത്രെ പിടിച്ചില്ല. ഉർദ്ദു വിദ്യാർത്ഥികളൊക്കെ ആ ആശയക്കാരനല്ലതാനും. അങ്ങിനെ ഇരിക്കുമ്പോൾ അവിടുത്തെ ക്ലാസ്സ് ലീഡർ ബംഗാളിയാണ്. അവിടെ ഫസ്റ്റ് പാസ്സായ ആളാണ് എല്ലാറ്റിനും കഴിവുള്ള ആളാണ് ഓനും ഞാനും വളരെ ഫ്രണ്ടാണ്. അപ്പോൾ അവൻ എന്റെ മുഖത്തേക്ക് നോക്കി എന്താ കേരളക്കാർ മൗലിദിന്റെ വിഷയത്തിൽ ഒരു വാദപ്രതിവാദത്തിന് തയ്യാറുണ്ടോ ? നിങ്ങൾ ഇങ്ങനെയൊക്കെ ചോദിക്കുന്നുണ്ടല്ലോ? എങ്കിൽ വാദപ്രതിവാദത്തിന് തയ്യാറുണ്ടോ. എന്ന് ക്ലാസ്സിൽ വെച്ച് ചോദിച്ചു. എന്നോടാണ് ചോദിച്ചത്. അന്ന് കേരള സമാജ്യത്തിന്റെ സെക്രട്ടറി ഞാനാണ് എന്നുള്ളത് അവനും അറിയാം ആ നിലക്കുമാണ് എന്നോട് ചോദിച്ചത് അപ്പോൾ ഞാൻ പറഞ്ഞു അതെ തയ്യാറാണ്. വാദപ്രതിവാദത്തിന് തയ്യാറാണ്. പക്ഷെ ഒരു ശർത്തുണ്ട് ഞങ്ങൾ ഏത് ഭാഷയിലാണോ അതേ ഭാഷയിൽ നിങ്ങളും സംസാരിക്കണം. ഞങ്ങൾ അറബിയിൽ സംസാരിക്കും നിങ്ങളും അറബിയിൽ സംസാരിക്കണം ആ ഉപാദിയോട് കൂടെ. എന്നാൽ മനസ്സിലാവുന്നത് എല്ലാവർക്കും മനസ്സിലാവും മനസ്സിലാവാത്തത് ആർക്കും മനസ്സിലാവില്ല. നിങ്ങൾ ഉർദ്ദുവിലും ഞാൻ അറബിയിലുമാകുമ്പോൾ ഞങ്ങളുടേത് മനസ്സിലാകില്ല. നിങ്ങളുടേത് മനസ്സിലാകും. അങ്ങിനെ പറ്റില്ല. അത് പറഞ്ഞപ്പോൾ അതിന് സാധിക്കില്ല ഞങ്ങൾ ഉർദ്ദുവിൽ മാത്രമെ സംസാരിക്കുകയുള്ളൂ. എന്നു പറഞ്ഞു. അപ്പോൾ മൂന്നാമത്തൊരു കക്ഷി അവിടെ മധ്യം പറഞ്ഞു ഇപ്പോൾ നിങ്ങൾ സംസാരിക്കുന്നുണ്ടല്ലൊ അറബിയും ഉറുദുവും എല്ലാം കൂടിക്കലർന്നാണ് സംസാരിക്കുന്നത്. അതുപോലെ സംസാരിച്ചാൽ മതി. ഞങ്ങളും അങ്ങനെ സംസാരിക്കാം തുർമുദി ക്ലാസ് ഇപ്പോൾ വാദപ്രതി വാദത്തിന്റെ സദസ്സാക്കി മാറ്റുക ഉസ്താദ് അദ്ധ്യക്ഷൻ ഒരു ഭാഗത്ത് നിങ്ങളും മറുഭാഗത്ത് ബംഗാളിയും അങ്ങനെ ഇത് മുനാളറയാക്കിയാൽ മതിയല്ലൊ. എന്നാൽ നിങ്ങൾ പറയുന്നത് ഞങ്ങൾക്കും തരിയുന്നുണ്ട്. അപ്പോൾ അത് സമ്മതിക്കാൻ ഞങ്ങൾ നിർബന്ധിതരായി. അങ്ങിനെ സമ്മതിച്ചു. ഉസ്താദ് അദ്ധ്യക്ഷൻ, സുന്നികളുടെ ഭാഗത്ത് ഞാൻ ദയൂബന്തികളുടെ ഭാഗത്ത് ബംഗാളി. അവൻ ഫസ്റ്റും ഞാൻ സെക്കന്റുമാണ്. ആ കൊല്ലം അവൻ ആദ്യം തന്നെ. നിങ്ങൾ നടത്തിയത് പോലുള്ള മൗലിദ് അതേ സ്വഭാവത്തിൽ അതേ ശൈലിയിൽ നബിയോ, സ്വഹാബത്തോ, താബിഉകളോ, ഖുറൂനുസ്സലാസത്തിൽ നടത്തിയിട്ടുണ്ടോ, ഇല്ലയോ ?. എന്ന് ചോദിച്ചു ഇതോ ഫാഷനിൽ പൊതുവെ നബിയുടെ മദ്ഹ് നടത്തിയൊ എന്നല്ല ചോദ്യം. ഇതേ ഫാഷനിൽ ഖുറൂനുസ്സലാസത്തിൽ അതായത് നബിയുടേയും സ്വഹാബത്തിന്റെയും താബിഉകളുടേയും കാലത്ത് ഇങ്ങനെയൊക്കെ മൗലിദ് ഉണ്ടോ, ഇല്ലേ. ഉണ്ടങ്കിൽ ഉണ്ട് എന്ന് പറയുക ഇല്ലങ്കൽ ഇല്ലെന്ന് പറയുക ഇത് മൂന്നു വട്ടമാണ് അവൻ പറ

ഞ്ഞത്. ഇത് ആവർത്തിച്ച് ചോദിച്ചിട്ട് അവൻ അങ്ങിനെ തന്നെ അവിടെ ഇരിന്നു.

ഇതോടെ പെട്ടെന്ന് ഞാൻ എഴുനേറ്റ് നിന്നു. അപ്പോൾ ഇതിന്റെ പോക്ക് നമുക്ക് മനസ്സിലാകുന്നുണ്ട് ഇതിന്റെ പ്രത്യേകതകൾ പപ്പടം പൊരിച്ചത് അല്ലങ്കിൽ ജിലേബി ഇതിന്റെ പ്രത്യേകതയിൻമേലിലാണ് അവന്റെ പിടുത്തം. നമ്മൾ ഏത് തെളിവ് കൊണ്ടു വന്നാലും ഈ പ്രത്യേകത.... അവിടെ ജിലേബിയാണുണ്ടാകുക.

മാളിയേക്കൽ: അപ്പോൾ ജിലേബിക്ക് ഹദീസ് വേണ്ടി വരും

ശൈഖുനാ: അതെ, അത് ഹദീസിലുണ്ടാവൂല. അപ്പോൾ ഞാനൊരു കൗശലം പ്രയോഗിച്ചു. എന്താണെന്നു വെച്ചാൽ ഞാൻ പറഞ്ഞു. ഈ ദയൂബന്ദിൽ ഒരു സ്വഭാവമുണ്ട്. ഒരു പഴയ സ്വഭാവമാണ്. ആർക്കെങ്കിലും എന്തെങ്കിലും ബുദ്ദിമുട്ട്, സാധാരണക്കാർക്ക് വല്ല ബുദ്ദിമുട്ടും വന്നാൽ, രോഗമോ, കേസോ, കുടുക്കോ, വന്നാൽ കോളേജിലേക്ക് അവർ നേർച്ചയാക്കും. എന്താണ് നേർച്ചയാക്കൽ ബുഖാരി ഖത്തം തീർക്കുക. എന്നിട്ട് അതിനു ശേഷം ജിലേബി കൊടുക്കും. ഖത്മുൽ ബുഖാരി ആന്റ് തഖ്സീം മിഠായി ഇതാണ് അവർ സാധാരണ ചെയ്തു പോരുന്നത്. അതൊരു വലിയ ബറകത്തുള്ളതാണെന്ന് തുഹ്ഫത്തുൽ അഹ്വദിൽ പറഞ്ഞിട്ടുണ്ട്. തുഹ്ഫത്തുൽ അഹ്വദി മുജാഹിദിന്റെ കിതാബാണല്ലോ. ഏതാകട്ടെ, അതു നടക്കുന്നുണ്ട്. അപ്പോൾ അവൻ ഇരുന്ന വഴിക്ക് എഴുന്നേറ്റു ചോദിച്ചു. ഖതംബുഖാരി ആന്റ് തഖ്സീം മിഠായി ഖുറൂന് സലാസ മേ ത്ഥാ യാ ന ത്ഥ അവനും ഉറുദുവിൽ ഞാനും ഉറുദുവിൽ എന്തെങ്കിലും ബുദ്ധിമുട്ട് വരുമ്പോൾ ബുഖാരി ഖത്തം തീർക്കുക. ഒരാൾ ഒരു ജുസ്അ് ഓതും. ഇങ്ങിനെയാണ് ഖത്തം തീർക്കൽ. അങ്ങനെ ഖത്തം തീർത്തതിന് ശേഷം മിഠായി തഖ്സീം ചെയ്യുക. എന്നത് നബിയുടെയോ സ്വഹാബത്തിന്റെയോ താബിഇന്റെയോ കാലത്തുണ്ടോ, ഇല്ലോയോ? അവൻ പറഞ്ഞത് പോലെ മൂന്നു വട്ടം ഞാനും പറഞ്ഞു. അപ്പോൾ അവിടെയുള്ള കേരളക്കാരെല്ലാം ചിരിക്കാൻ തുടങ്ങി. ഉറുദുക്കാരുടെ മുഖത്തു നോക്കുമ്പോൾ വലിയ ചിരി കാണുന്നില്ല. ഇവന്റെ മുഖത്തും ചിരി കാണുന്നില്ല. അവൻ ഇരുന്നതു പോലെ ഞാനും ഇരുന്നു. അപ്പോൾ അവൻ പണ്ടത്തെ പോലെ ഉഷാറില്ല, എഴുന്നേൽക്കാൻ. അവൻ പിന്നെ പതുക്കെ എഴുന്നേറ്റിട്ട്, അത് വിഷയം വേറെയാണ്, നമ്മുടെ വിഷയം മൗലൂദാണ് ഖത്തം ബുഖാരി അല്ല. അത് വേറെയാണ്. ഇവിടെ വിഷയം അതല്ല എന്നു പറഞ്ഞിട്ട് അവിടെ ഇരുന്നു. അപ്പോൾ ഞാൻ എഴുന്നേറ്റിട്ട് പറഞ്ഞു. അതു തന്നെയാണ് വിഷയം. നമ്മൾ ചോദിച്ചതു ഈ പ്രത്യേകത ഉണ്ടോ, ഇല്ലേ, എന്നാണ്. ദാനധർമ്മം നബിയുടെ കാലത്തുണ്ട്. ഈ പ്രത്യേകത ഉണ്ടോ, ഇല്ലേ.? അവിടെ ഉണ്ട് എന്നു പറയുകയാണെങ്കിൽ ഇവിടെ ഉണ്ട്. അവിടെ ഇല്ല എന്നാണെങ്കിൽ ഇവിടെയുമില്ല. അവിടെ എന്താണോ നിങ്ങളുടെ മറുപടി. അതു തന്നെയാണ് ഞങ്ങളുടെ ജവാബ് എന്ന് ഞാൻ മറുപടി പറഞ്ഞു. അതിൽ പിന്നെ അവൻ മറുപടി പൂരിപ്പിക്കുന്നില്ല. അതിൽ പെട്ടെന്ന് അവൻ വിഷഷം മാറ്റി. ലാ തഖൂമു ക ഖിയാമിൽ അആജിമി അജമികൾ നിൽക്കുന്ന മാതിരി നിങ്ങൾ എഴുന്നേൽക്കരുത്. എന്നു നബി പറഞ്ഞില്ലേ? നിങ്ങൾ മൗലൂദ് ഓതിയപ്പോൾ എഴുന്നേറ്റില്ല. ഇതിനു മറുപടി പറായാതെ മറ്റു വിഷയത്തിലേക്ക് ഒറ്റചാട്ടം. മറ്റു വിഷയത്തിലേക്ക് ചാടിയപ്പോൾ ഞാൻ പറഞ്ഞു. ഇത് മറ്റൊരു വിഷയമാണ്. ലാ തഖൂമു കഖിയാമിൽ അആജിമി എന്നു പറഞ്ഞെങ്കിൽ ലാ തഖൂമു എന്നല്ല പറഞ്ഞത്. ലാ തഖൂം കഖിയാമിൽ അഅ്ജമി എന്നാണു പറഞ്ഞത്. ഖുമൂലിസയിദിക്കും എന്നു നബി പറഞ്ഞിട്ടുണ്ട്. ബുഖാരി മുസ്ലിമിൽ. അപ്പോൾ ബഹുമാനിച്ച് എഴുന്നേറ്റു നിൽക്കാമെന്നു പറഞ്ഞല്ലോ. പിന്നെ അഅ്ജമികളുടെ ഒരു എഴുന്നേറ്റു നിൽക്കൽ ഉണ്ടായിരുന്നു. അത് ഹാശിയക്കാർ വിവരിച്ചുട്ടുണ്ട്. നബി ഇരിക്കവെ തന്നെ മറ്റുള്ളവർ എപ്പോഴും നിൽക്കുക, അതാണ് അഅ്ജമികൾ നിൽക്കുന്നത് എന്നു പറഞ്ഞതിൻരെ വിപക്ഷ എന്നു പറഞ്ഞപ്പോൾ മറുപടി പറയാതെ അവൻ തപ്പി. ഉസ്താദ് പിരിച്ചു വിട്ടു. ഇങ്ങിനെ വേറെയും ഉണ്ടായിട്ടുണ്ട്. അങ്ങനെ പലതിലും നമ്മൾ ജയിച്ചു. ഇതൊരു വലിയ സൽപേരാണ്.

മാളിയേക്കൽ: പിന്നീടു എന്തുണ്ടായി. നാട്ടിൽ തിരിച്ചെത്തിയ ശേഷം ദർസിന്റെ കാര്യം എന്തായി.

ശൈഖുനാ: അതാണു പറഞ്ഞു വരുന്നത്. ഏതായാലും ഇവിടെ വന്നപ്പോൾ വലിയ അഹംഭാവം. അഹംഭാവം എന്നാൽ നമ്മളെ ശരീക്കന്മാർക്കും നാട്ടുകാർക്കും ഒക്കെ നല്ല മതിപ്പുണ്ട്. അങ്ങനെ നിൽക്കുമ്പോൾ ആദ്യം തന്നെ എന്നെ ഒരു ദർസിന്, നല്ല ഒരു വലിയ ദർസിനു ക്ഷണിച്ചു. നിലവാരമുണ്ട് അൽഹംദുലില്ലാഹ്. അങ്ങനെ കോളേജ് ഒന്നും വേണ്ട വലിയ ദർസാണ്. അതു മതി എന്നു ഞാൻ വെച്ചു. അങ്ങനെ മുക്കൽ ഭാഗം ഉറച്ചപ്പോൾ നാട്ടുകാർ വന്നു പറഞ്ഞു. നിങ്ങൾ വേറെ നാട്ടിൻ പോകാൻ പറ്റില്ല. നിങ്ങളെ ഞങ്ങൾക്കു വേണം. അതു കൊണ്ട് അതു കാൻസിലാക്കണം. അവർ നിർബന്ധിച്ചു. നാട്ടുകാർ, നെല്ലിക്കുത്ത് നാട്ടുകാർ, അത്രയും അടുപ്പമാണ് ഞാൻ ഇവരോട്. എന്റെ ജീവചരിത്രവും അങ്ങനെ തന്നെയാണ്. ചെറുപ്പത്തിൽ ഒരു സാധുവായി വളർന്ന അങ്ങനെ എല്ലാവരും സഹായിച്ചാണ് ഞാൻ വളർന്നിട്ടുള്ളത്. അപ്പോൾ ഇവർ പറഞ്ഞത് തള്ളാൻ ഒരു നിവൃത്തിയുമില്ല. അങ്ങനെ അത് ഒഴിവാക്കി നെല്ലിക്കുത്ത്, സ്വന്തം നാട് ആദ്യം നന്നാക്കണമെന്ന് വിചാരിച്ച് നെല്ലിക്കുത്ത് നിൽക്കണമെന്ന് ആഗ്രഹിച്ചു. എല്ലാവരും തീരുമാനിച്ചു കഴിഞ്ഞപ്പോൾ നാട്ടിലെ കുടുംബക്കാർ, അവർ എല്ലാവരും കൂടി ആലോചിച്ച് പറഞ്ഞു. എന്തു പറഞ്ഞാലും നെല്ലിക്കുത്ത് അന്നെ നിൽക്കാൻ അയക്കൂല. അനക്ക് ജോലി ഇല്ലെങ്കിൽ വേണ്ട. നെല്ലിക്കുത്ത് ഇജ് നിന്നാൽ ഇക്കൊല്ലം തന്നെ നെല്ലിക്കുത്ത് രണ്ടാകും. മുമ്പ് രണ്ടായിട്ട് പോലീസും പട്ടാളവും വന്നിട്ടാണ് ഇവിടെ ഖുതുബ ഓതിയത്. അതേ അവസ്ഥ വീണ്ടും വരും. അതു കൊണ്ട് ഇനി ഞങ്ങൾക്കൊരു സമരത്തിനു തയ്യാറില്ല.

മാളിയേക്കൽ: എന്തായിരുന്നു ആ സംഭവം?

ശൈഖുനാ: അതായത് മുമ്പ് ഇവിടെ രണ്ട് ഖബീലക്കാരാണ് ഉണ്ടായിരുന്നത്. അതിൽ എന്റെ ഉമ്മാന്റെ ഖബീലക്കാരാണ് ഈ പറഞ്ഞത്. അപ്പോൾ ഞാൻ ഇവിടെ നിന്നാൽ മറ്റോരെ അധികാരം ഇവിടെ സഹിക്കൂല അപ്പോൾ രണ്ടാവും.

മാളിയേക്കൽ: ഒരു കുടുംബപ്രശ്നം.?

ശൈഖുനാ: കുടുംബ പ്രശ്നം.

മാളിയേക്കൽ: പിന്നീടു എന്തുണ്ടായി? എവിടെയാണ് ദർസ് ഏറ്റത്?

ശൈഖുനാ: അതാണു പറഞ്ഞു വരുന്നത്. ഞാൻ പറഞ്ഞ അഹംഭാവത്തിന് അല്ലാഹു തആല തന്ന ശിക്ഷ. ഇക്കാര്യമാണ് എന്റെ മൈൻ പോയിന്റ് അങ്ങനെ രണ്ടു ദർസും മുടങ്ങി. അപ്പോഴേക്ക് പിന്നെ റമളാൻ, ശവ്വാൽ. ശവ്വാൽ പതിനഞ്ചായി. ദർസിന്റെ സമയം കഴിഞ്ഞു. കാര്യപ്പെട്ട പോസ്റ്ററുകൾ തീർന്നു. ഞമ്മക്ക് ദർസ് ഇല്ല. അല്ലാഹു തആല, ആദ്യം തന്നെ നമുക്ക് ദർസ് ഇല്ലാതെയാണ് വരുന്നത്. അങ്ങനെ ഞാൻ എന്റെ ഉസ്താദ് കുട്ടി മുസ്ലിയാരെടുത്ത് പോയി. ഞാൻ പറഞ്ഞു. ആദ്യം വലിയ ദർസ് കിട്ടി. പിന്നെ നാട്ടുകാർ പറഞ്ഞു. പറ്റൂലാന്ന് ഒടുവിൽ നാട്ടിലും കുഴപ്പമായി. എനിക്ക് ഇപ്പോൾ ദർസ് ഇല്ല എന്നു പറഞ്ഞപ്പോൾ ഉസ്താദ് പെട്ടെന്ന്, അരിമ്പ്ര, ഒരു ചെറിയ പള്ളിയുണ്ട്, ഒരു ചെറിയ മഹല്ലുണ്ട്. എന്നാൽ അവിടേക്ക് ആകാമെന്ന് പറഞ്ഞു. ആകാമെന്ന് ഞാനും പറഞ്ഞു. അങ്ങനെ അവിടെ പോയി. അവിടെ ചെന്നു നോക്കുമ്പോൾ ഒരു ചെറിയ പള്ളി. ജുമുഅ ഉണ്ടെന്നു മാത്രം. അവിടെ കയറി. ഞാൻ അപ്പോൾ വിചാരിച്ചു. എന്റെ അഹംഭാവത്തിന് അല്ലാഹു തന്ന പ്രതിഫലമാണ്. വലിയ ദർസുകളൊക്കെ കിട്ടും. എന്നൊക്കെ വിചാരിച്ചിട്ട് ഈ നിസ്കാര പള്ളിയാണല്ലോ എനിക്ക് കിട്ടിയത്. എന്ന് ഞാൻ അപ്പോൾ തന്നെ മനസ്സിലാക്കി. ആ അഹംഭാവത്തിന്റെ പ്രതിഫലമാണത്. എന്നിരുന്നാലും അന്ന് കുറേ കുട്ടികളുണ്ടായിരുന്നു. അന്ന് നിങ്ങളെ നാട്ടുകാരും തന്നെ മാളിയേക്കൽ നിന്ന് ഒരാൾ ഉണ്ടായിരുന്നു. ഓൻ ഇപ്പോൾ അമേരിക്കയിലാണ്.

മാളിയേക്കൽ: അബ്ദു മുസ്ലിയാരാണോ?

ശൈഖുനാ: അബ്ദു മുസ്ലിയാർ, അയാൾ അന്ന് എന്റെ അടുത്ത് ഓതാൻ വന്ന ആളാണ് മൈബദി ഒക്കെ

ഓതലുണ്ടായിരുന്നു. ഇവിടെ ഓല് ഇനിക്ക് ശമ്പളം നിശ്ചയിച്ചിരുന്നു. 45 രൂപയാണ് പക്ഷെ, ആ നാൽപത്തി അഞ്ച് അല്ല അവർ തന്നില്ല. ഈ കുട്ട്യോളെ കണ്ടപ്പോൾ 45 കൊടുക്കേണ്ട മുദരിസല്ല എന്നു പറഞ്ഞ് 75 ആണ് തന്നത്. അന്നത്തെ കാലം പറയുകയാണെങ്കിൽ ോതാൻ പോണ സമയത്ത് ഞാൻ മുദരിസാവുകയാണെങ്കിൽ ഒരു 100 നൂറുരൂപ ശമ്പളം കിട്ടാണെങ്കിൽ എന്താ കാട്ടാ എന്നു ഞാൻ ചിന്തിച്ചിരുന്നു. കാരണം അന്ന് രണ്ടുറുപ്യ ണ്ടായാല് ഒരു മാസം ചിലവ് എല്ലാം കഴിയും. അപ്പോൾ അങ്ങനെത്തെ കാലത്ത് ആദ്യം തന്നെ 75 രൂപ തന്നെ യാണ് തന്നത്. അവർ സ്നേഹിച്ചിട്ട്, ഈ ദർസിലെ കുട്ട്യോള്, പഠനം മൊത്തം കണ്ട് അവർ സ്നേഹിച്ചിട്ട് ഈ ദർസിലെ കുട്ട്യോള് എന്തായാലും അവർ വിടൂല. എന്തു പറഞ്ഞാലും അവർക്ക് സമ്മതമാണ്. അങ്ങനെ അവിടെ അഞ്ചു കൊല്ലം നിന്നു.

ഇവിടെ ഇപ്പളും പ്രശ്നമാണ്. നെല്ലിക്കുത്ത്, നിങ്ങൾ കുടുംബക്കാർ അയാളുടെ ദർസ് മുടക്കി. അത് പറ്റൂല. അയാളെ ഇവിടെ നിർത്തണം എന്നു പറഞ്ഞുകൊണ്ട് അവർ മസ്ലഹത്തായി.

മാളിയേക്കൽ: അപ്പോൾ നേരത്തെ എതിർത്തവരും ഒന്നായോ?

ശൈഖുനാ: അതെ മസ്ലഹത്ത്, അങ്ങനെ അഞ്ചു കൊല്ലം കഴിഞ്ഞിട്ട് ഒരു കൊല്ലം ഇവിടെ നിന്നു. പിന്നെ അങ്ങട്ട് തന്നെ പോയി. അങ്ങിനെ ഒന്നിനും പറ്റാത്ത സ്ഥലത്ത് ഞാൻ 10കൊല്ലം ദർസ് നടത്തി.

അതുപോലെ അവിടെ നിന്ന് ഞാൻ വിചാരിച്ചു. ആർക്കെങ്കിലും എന്തെങ്കിലും ഒരു മസ്അല ചോദിച്ചാൽ, ആരു ചോദിച്ചാലും നാലു മദ്ഹബും അതിന്റെ തെളിവും ശാഫിഈ മദ്ഹബിൽ അതിന്റെ തർജീഹും പറഞ്ഞു കൊടുക്കാമായിരുന്നു. എന്നിങ്ങനെ വിചാരിച്ചു. ആരും ഒരു മസ്അല ചോദിക്കാഞ്ഞിട്ട് ഒരു പൊറുതികേട്. അപ്പോൾ ഞാനിങ്ങനെ ഉള്ളിൽ അഹംഭാവം വിചാരിക്കുകയാണ്. ആരെങ്കിലും എന്തെങ്കിലും മസ്അല ചോദി ച്ചാൽ അപ്പോഴല്ലേ അവർക്കെന്റെ കഴിവ് തിരിയുള്ളൂ. ആരെങ്കിലും ചോദിച്ചു കിട്ടിയെങ്കിൽ....... എന്നിങ്ങനെ വിചാരിച്ചു കൊണ്ടിരിക്കുമ്പോൾ അവിടുത്തെ ഒരു കാരണവരാണ് ആദ്യമായി മസ്അല ചോദിച്ചത്. കുഞ്ഞമ്മ ദാക്ക എന്നു പറയും. അയാൾ ചോദിച്ചു.

മാളിയേക്കൽ: ഉസ്താദിനോടുള്ള ആദ്യത്തെ ചോദ്യം

ശൈഖുനാ: മുദർരിസായ ശേഷം ചോദിച്ച ആദ്യത്തെ ചോദ്യം. പിന്നെ മകളെ പ്രസവത്തിന് കൊണ്ട്വരാൻ ആയി ട്ടുണ്ട്. അതിന് ഏതാ നല്ല ദിവസം. ഈ ചോദ്യം അങ്ങട്ട് കേട്ടപ്പോൾ ഇതിന് എനിക്ക് മറുപടി പറയാൻ കഴിയൂല. അപ്പന്റെ മനസ്സിൽ പറഞ്ഞു ആ ജാതി അഹമ്പാവത്തിന് ഈ ജാതി മറുപടിയാണ്. ഒരു നേർക്കുനേർ മറുപടി, നാല് മദ്ഹബ് പോയിട്ട് ഒരു നേർക്കു നേർ മറുപടി പോലും പറയാൻ കഴിഞ്ഞില്ലല്ലോ. ഏതായാലും ഞാൻ സങ്കട ത്തോടെ, നോക്കി പറഞ്ഞാൽ പോരെ, എന്ന് ചോദിച്ചു. അപ്പോൾ അയാൾക്ക് ഒന്ന്കൂടി സന്തോഷമായി. കുറച്ച് വറ ഉള്ള മോല്യാരാണ്. എന്തെങ്കിലും അനുമാനിച്ച് പറയുകയല്ല. ഒക്കെ നോക്കി പറയുന്ന ആളാണ്. അങ്ങനെ യാണ് അയാൾക്ക് വന്നത്.

അപ്പൊ ചുരുക്കത്തിൽ എപ്പൊ അഹമ്പാവം കാണിച്ചോ ആ സമയത്ത് അല്ലാഹു അങ്ങ് ചെറുതാക്കി നമ്മെ ശിക്ഷി ച്ചിട്ടുണ്ട്. എപ്പൊ നമ്മൾ വിനയം കാണിച്ചോ അവിടെ ഉയർന്ന് വന്നിട്ടുണ്ട്.

മാളിയേക്കൽ : ഉസ്താദിന്റെ ജീവിതത്തിലെ ആദ്യത്തെ പാഠം ?

ശൈഖുനാ: ജീവിതത്തിലെ ആദ്യത്തെ പാഠം.. ഈ ചോദ്യം, ഈ ദർസ്,

മാളിയേക്കൽ : സംഘടനാ രംഗത്തേക്കുള്ള വരവ് എപ്പോഴായിരുന്നു ?

ശൈഖുനാ : സംഘടനാ രംഗത്ത് കടന്ന്വന്നത് എനിക്ക് ഈ സുന്നത്ത് ജമാഅത്ത്, അൽഫിയ്യ ഓതുന്ന കാലത്ത് തന്നെ സുന്നത്ത് ജമാഅത്തിനോട് വലിയ താത്പര്യമാണ്. അതിന് രണ്ടു മൂന്ന് കാരണങ്ങളുണ്ട്. ഒന്ന് ഈ അൽഫിയ്യ ഓത്ണ കാലത്ത് പതിന്റെ വഅള് കേട്ട്. ഞാൻ ഇവിടെന്ന് നടന്നു പോയിട്ട്, മലപ്പുറത്താണ് പതിന്റെ

വഅള്. എന്താച്ചാ നമ്മെളെ ആ കുന്നുമ്മള ആ പഴേ പള്ളി നമ്മൾ ഇവിടുന്ന് പോകുമ്പോൾ ഇടത്ത് ഭാഗത്തുള്ള ആ പള്ളിയിൽ ഖുതുബ പരിഭാഷ നടപ്പാക്കണമെന്ന് അവിടുത്തുകാർ പറഞ്ഞപ്പോൾ ഒരു വിഭാഗം പറ്റൂലാന്ന് പറഞ്ഞു. അപ്പൊ നടപ്പാക്കണമെന്ന് പറഞ്ഞ ഭാഗത്ത് മുജാഹിദ് ജമാഅത്ത് എല്ലാവരും കൂടിട്ട്ണ്ട്. അതിൽ പൂരിപക്ഷമായി. അങ്ങനെ അവർ അവിടെ ഖുതുബ പരിഭാഷ നടപ്പിലാക്കിയപ്പോൾ, അതിനെതിരായിട്ട് വഅള് പറയാൻ വേണ്ടി പതിനെ കൊടുന്നു. അപ്പൊ ആ പതിന്റെ വഅളാണ് ഞാൻ ആദ്യമായി കേൾക്കുന്നത്. അന്ന രണ്ട് വാശിയുണ്ടായി. ഒന്ന് പതിനെ സംസാരിക്കാൻ അയക്കൂലാന്ന് മുജാഹിദ്, ജമാഅത്തെല്ലാം പറഞ്ഞു. ഞാൻ അൽഫിയ്യ ഓത്ണ കാലാണ്. മറുപക്ഷം സംസാരിക്കും എന്നും പറഞ്ഞു. അതാണ് ഇവിടെ നിന്ന് നട ന്നുപോകാൻ കാരണം. അങ്ങനെ മുജാഹിദ് എന്താ ചെയ്ത്ത്. മുജാഹിദും ജമാഅത്തുമെല്ലാം പോലീസ് സ്റ്റേഷ നിൽ ചെന്ന് ഡി.വൈ.എസ്.പിക്ക് ഒരു മെമ്മോറാണ്ടം കൊടുത്തു. എന്താ മെമ്മോറാണ്ടം ? ജുമുഅ ഖുതുബ എന്നാൽ അതൊരു പ്രസംഗമാണ്. ഇവിടെയുള്ളവർക്ക് അറബിയിലിങ്ങനെ പ്രസംഗിച്ചിട്ട് ഒരു കാര്യവുമില്ല. ജനങ്ങൾക്ക് എന്തെങ്കിലും അറിയണ്ടെ? ആളുകളെല്ലാം മലയാളികളാണ്. അറിയാതങ്ങനെ പ്രസംഗിച്ചിട്ടെന്താ കാര്യം ? അപ്പോ ഞങ്ങളിവിടെ പറയുന്നത് മലയാളത്തിലാക്കണം. ഇവിടെ ഒരുവിഭാഗം ആളുകൾ ജനങ്ങ ൾക്കൊന്നും തിരിയരുത് എന്ന് വിചാരിച്ചിട്ട് അത് മലയാളത്തിലാക്കാൻ പാടില്ല. അത് അറബി തന്നെ വേണമെ ന്നാണ് പറയുന്നത്. അത് സംബന്ധിച്ച് സംസാരിക്കാൻ തിരുവിതാംകൂറിലെ ഒരു മോല്യാര് ഇവിടെ വരുന്നുണ്ട്. അയാളിവിടെ കൊഴപ്പം കൂട്ടാൻ അയാളിവിടെ വന്ന് പ്രസംഗിച്ചാൽ കുറേ ആളുകൾ ആ ഭാഗത്തേക്ക് തിരിയും. അങ്ങനെ കൊഴപ്പുമുണ്ടാകും. അപ്പൊ അയാൾ, ആളുകൾക്ക് ഒന്നും തിരിയരുത്. ആളുകൾ മുഢന്മാരായി നിൽക്കണം എന്ന് പറഞ്ഞ് ഇവിടെ സമുദായത്തിൽ കൊഴപ്പവും പിളർപ്പുമുണ്ടാക്കാൻ വരികയാണ്. അത് ഇവിടെ തടയണമെന്ന് പറഞ്ഞ് അവർ ഡി.വൈ.എസ്.പിക്ക് മെമ്മോറാണ്ടം കൊടുത്തു. അങ്ങനെ പതി വന്നു. ഉടനെ തന്നെ പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിച്ചു. അവിടുത്തെ ഡി.വൈ.എസ്.പി കുറേ ചീത്ത പറഞ്ഞു. നിങ്ങൾ തിരുവിതാംകൂറുകാരനല്ലെ ഇവിടെന്തിനാ കുഴപ്പം കൂട്ടാൻ വന്ന്ക്ക്ണ്. ഈ ഖുതുബ എന്ന് പറഞ്ഞാൽ പ്രസംഗമല്ലെ ? പ്രസംഗം ജനങ്ങൾക്ക് തിരിയാതങ്ങനെ ഏലക്കമുണ്ടാക്കിയിട്ട് എന്താ കാര്യം. അവർക്കൊക്കെ എന്തെങ്കിലും തിരിഞ്ഞോട്ടെ. അത് തിരിയണ്ടാന്ന് പറയാൻ വേണ്ടീട്ട് നിങ്ങളെന്തിനാണ് വന്നത്. നിങ്ങൾ ഈ നാട്ടിൽ വന്ന് കുഴപ്പണ്ടാക്ക്ണതെന്തിനാ... അപ്പടി, ഇപ്പടി, എന്ന് പറഞ്ഞ്, പോലീസ്റ്റേഷനിൽ ചെന്നാല് ഒരു ചാട്ടം കൂടാതെ കഴിയൂലല്ലോ.. ഞാ.. ഭയങ്കര ചാട്ടം പതിനോട്. പതി ഒന്നും മിണ്ടിയില്ല. പതി ഒന്നും മിണ്ടാത്ത പ്പോളയാള് എന്താ നിങ്ങളൊന്നും പറയാത്തത്. അപ്പോ ഇനിക്ക് പറയാനായോ. എന്നാ ഞാൻ പറഞ്ഞോളാ. എന്നാ മുസ്ലിയാർ പറഞ്ഞോളീ. അങ്ങനെ പതി ചോദിച്ചു, ഒരു നാട്ടില് 144 പാസ്സാക്കിയാല് അവിടെ യോഗം ചേരാനോ ആളുകൾ കൂടി നിൽക്കാനോ പ്രസംഗിക്കാനോ പറ്റോന്ന് ചോദിച്ചു. പറ്റൂലാന്ന് പറഞ്ഞു. അങ്ങനെ പ്രസംഗിക്കുകയോ, യോഗം കൂടുകയോ ചെയ്താൽ നിങ്ങളെന്ത് ചെയ്യും ? ഞങ്ങൾ നിയമം നടപ്പാക്കും എന്നാൽ 144 പാസ്സാക്കിയ ഒരു സ്ഥലത്ത് ഇതിന് മുമ്പ് എവിടെയെങ്കിലും ജുമുഅയോ ഖുതുബയോ മുടക്കിയിട്ടുണ്ടോ ? എന്ന് ചോദിച്ചു. ഇല്ല എന്നു പറഞ്ഞു. അപ്പോഴേക്കും. എസ്.ഐ ന്റെ കഥ കഴിഞ്ഞിക്ക്ണ്. അപ്പോൾ പ്രസം ഗമല്ലാന്ന് നിങ്ങൾ സമ്മതിച്ചില്ലേ ? ഡി.വൈ.എസ്.പി കസേരയിൽ നിന്ന് എഴുന്നേറ്റു. പതിയോട് ഇരിക്കാൻ പറ ഞ്ഞു. ഇരുന്നിട്ട് പതി ഉപദേശിച്ചു. നിങ്ങളെ അവർ തെറ്റിദ്ധരിപ്പിച്ചതാണ്. അത് പ്രസംഗമല്ല. ഒരു ആരാധന യാണ്. ഒരു പ്രത്യേക ആരാധനയാണ്. പ്രസംമാണ് എന്ന് നിങ്ങളെ തെറ്റിദ്ധരിപ്പിച്ചതാണ്. പ്രസംഗമാണെ ങ്കിൽ 144 പാസ്സാക്കിയ സ്ഥലത്ത് ജുമുഅയും ഖുതുബയും നിർത്തേണ്ടി വരുമല്ലോ. ഇതുവരെ നിർത്തിയ ചരി ത്രമില്ലല്ലോ.

കുറേ സംസാരിച്ച ശേഷം നിങ്ങൾ എന്ത് വേണമെങ്കിലും പ്രസംഗിച്ചോളി. നിങ്ങൾക്ക് വേണ്ട എല്ലാ സഹായവും ഞങ്ങൾ ചെയ്തോളാം. അവരങ്ങനെ പറഞ്ഞതോണ്ട് ഞാൻ പറഞ്ഞതാണ്. അവർ ഇന്ന ഇന്ന ആളുകളൊക്കെ വന്ന് പറഞ്ഞപ്പോൾ ഞാൻ പറഞ്ഞതാണ്. നിങ്ങൾ എങ്ങനെ സംസാരിച്ചാലും വേണ്ടില്ല. സഹായം ഞങ്ങൾ ചെയ്തോളാം എന്ന് പറഞ്ഞു. ഇതൊക്കെ ഞങ്ങൾ അറിയുന്നുണ്ട്. ഞങ്ങൾ ഇങ്ങനെ തുള്ളിച്ചാടുന്നുണ്ട്. അങ്ങനെ ആദ്യമായി പതിനെ കാണുന്നതും ആ സദസ്സിൽ വെച്ചാണ്. സുന്നത്ത് ജമാഅത്തിനെപ്പറ്റി ഒരു പ്രസംഗം കേൾക്കുന്നതും ആ സദസിൽ വെച്ചാണ്. സുന്നത്ത് ജമാഅത്തിനെപ്പറ്റി ഒരു പ്രസംഗം, ഖുതുബനെ പറ്റി ഒരു പ്രസംഗം, ഞാൻ അന്ന് അൽഫ്യ ഓതുന്ന ഇനിക്ക് പോലും വളരെ ദഹിക്കുന്ന രീതിയിൽ നാടൻ ശൈലിയിൽ സംസാരിച്ചപ്പോൾ എനിക്കങ്ങട്ട് വികാരം കൂടി. സുന്നത്ത് ജമാഅത്ത് അങ്ങനെ അങ്ങട്ട് ഒറച്ചു. രണ്ട് കാര്യം അയാള് പറഞ്ഞ്, എന്നാ അവനാന്റെ പേര് മാറ്റണ്ടെ, മിമ്പറ എന്ന് പറയേണ്ട ആവശ്യമെന്താ, ങ്ങള് ബാങ്ക് എന്താ മലയാളത്തിൽ ആക്കാത്തത് ? ഇങ്ങനെ കുറേ നാടൻ ഉദാഹരണങ്ങൾ അയാൾ പറഞ്ഞിട്ട് എനിക്ക് പിന്നെ ഖുതുബ പരിഭാഷയുള്ള സ്ഥലത്ത് ചെന്നാൽ അവരെ പറഞ്ഞ് മുട്ടിക്കാൻ കഴിയും.

മാളിയേക്കൽ: എന്ന് തോന്നി ?

ശൈഖുനാ : അതെ, അത്രകണ്ട് അയാളെ പ്രസംഗം ശരിക്കും ഇങ്ങട്ട് ദഹിച്ചു. സുന്നത്ത് ജമാഅത്തില് അങ്ങനെ വികാരം കൂടി. ഈ ആവേശമാണ് പിന്നീട് സംഘടനാ രംഗത്തേക്ക് വരാൻ കാരണമായത്. പിന്നെ ഓത്ണ അന്നന്നെ ഞങ്ങള് കുറെ വാദപ്രതിവാദങ്ങൾ നടത്തി. അതിന് ശേഷം സുന്നത്ത് ജമാഅത്തിൽ വലിയ വികാരം. എന്ന് പറഞ്ഞാല് ഞങ്ങള് മഞ്ചേരി ഓത്ണ കാലത്ത് ഞാനും സൈനുദ്ദീൻ മുസ്‌ലിയാരും ഞങ്ങൾ ശരീക്കന്മാരാ. അന്നൊരു സംഭവം ഉണ്ടായി. അന്ന് മഞ്ചേരി കച്ചേരിപടിക്കെ ഒരു പുതിയ ഖാളിയാര് വന്നു. ങ്ങളെ നാട്ട് കാരനാ. തോടോപൊലത്ത് കാരനാണ്.

മാളിയേക്കൽ : തൊടിക്കപ്പുലം ?

ശൈഖുനാ : തൊടിക്കപ്പുലം. ആയാള് ജമാഅത്തെ ഇസ്‌ലാമിയാണ്. ഈ കച്ചേരിപ്പടി കമ്മിറ്റിയില് മുജാഹിദും ജമാഅത്തും ഒക്കെയുണ്ട്. ഓരെ തന്ത്രപ്രകാരമാണ് അവിടെ ഇങ്ങനെ ഒരു ജമാഅത്തുകാരനെ ഖതീബാക്കി, ഖതീബും മദ്രസ അധ്യാപകനൊക്കെ കൂടി ആയിട്ട് കൊടുന്നത്. അങ്ങിനെ അയാള് അവിടെ വന്ന്, സാധാരണക്കാർ അതൊന്നും ചിന്തിക്കൂല. ഓര് കച്ചവടക്കാരനാണ്. സുന്നത്ത് ജമാഅത്ത് തന്നെ ഭൂരിപക്ഷം. പക്ഷെ, കമ്മിറ്റിക്കാർ അവിടത്തെ വക്കീലൻമാരും ഉദ്യോഗസ്ഥന്മാരും അവർ തന്ത്രപരമായിട്ട് തിരികിയതാണ്. അവൻ അവിടെ വന്നിട്ട് ജമാഅത്ത് കാരനാണ്. മുജാഹിദാണ് തൊടികപുലത്ത് ആകേണ്ടത്. ഇവർ ജമാഅത്താണ്. അവർ വന്നിട്ട് ആദിക്കത്തെ വെള്ളിയാഴ്ച നിസ്കാരം ഒഴിവാക്കിയാൽ കൽപ്പിച്ചൂട്ടി ഒഴിവാക്കിയാൽ മറന്ന് കൊണ്ടോ ഉറങ്ങിക്കൊണ്ടോ അല്ലാതെ കൽപിച്ചൂട്ടി ഒഴിവാക്കിയാൽ അതൊക്കെ ഖളാഅ് വീട്ടേണ്ടതില്ല. ഖളാഅ് വീട്ടൽ തെറ്റാണ് എന്ന ഇബ്നുതീമിയുടെ വാദം. ആവാദം ഒന്നാമത്തെ വെള്ളിയാഴ്ച്ച ആദ്യം തന്നെ അതാണ് പ്രസംഗിച്ചത്. അപ്പത്തന്നെ അവിടെയുള്ള ആളുകൾക്ക് ഇത് എന്ത് പുതുമയാണ്. പലർക്കും പല അഭിപ്രായ വ്യത്യാസം തുടങ്ങീക്ക്ണ്. ഏതായാലും കമ്മിറ്റിക്കാരൊക്കെ നല്ലകാര്യം തന്നെ അല്ല എന്ന നിലപാടിലാണ്. ഏതായാലും അന്ന് പ്രശ്നമൊന്നും ഉണ്ടായില്ല. ഖളാഅ് വീട്ടൽ തെറ്റാണ് എന്നാ പറഞ്ഞത്. ഇബ്നു തീമിയയുടെ വാദം അതാണ്. ശർഅ് കൽപ്പിക്കാത്തത് ചെയ്യൽ ബിദ്അത്താണെന്നും അഭിപ്രായമുണ്ട്. ജമാഅത്ത് ഇസ്‌ലാമിക്കും അതേ അഭിപ്രായമുണ്ട്. മുജാഹിദിന്നും അഭിപ്രായമുണ്ട്. എല്ലാവരും

അങ്ങിനെ പറയുലാന്ന് മാത്രം. അങ്ങിനെ ആ വെള്ളിയാഴ്ച്ച കഴിഞ്ഞ് അങ്ങനെ പോയങ്കിലും പിറ്റത്തെ വെള്ളി ഴായ്ചയാണ് ബറാഅത്തിന്റെ നേമ്പ് അത് പോലത്തന്നെ മിഅ്റാജിന്റെ നോമ്പും ഇത് രണ്ടും അങ്ങാടിയിൽ നിന്ന് കുത്തിപ്പൊന്തിയതാണ്. അതിന്ന് ഇസ്ലാമിൽ യാതൊരു തെളിവുമില്ല. ആ നോമ്പ് ആരും നോൽക്കേണ്ട തില്ല. നോൽകുന്നത് തെറ്റാണ് എന്ന് പിറ്റെത്തെ വെള്ളിയാഴ്ച്ച പ്രസംഗിച്ചപ്പോൾ അവിടെയുള്ള ചിലയാളു കൾക്ക് വാശിയായി. ഒന്ന് മിഅ്റാജിന്റെ നോമ്പ് ഒന്ന് ബറാഅത്തിന്റെ നോമ്പ് അത് സുന്നത്തിലുമില്ല ഹദീസി ലുമില്ല എവിടെയുമില്ല. അങ്ങാടീന്ന് കുത്തിപ്പൊന്തിയതാണ് അത് നോൽക്കേണ്ടതില്ല അത് തെറ്റാണ് അത് കുറ്റമാണ് എന്ന് പറഞ്ഞിട്ട് ഇയാൾ പ്രസംഗിച്ചു ഇതു രണ്ടും കൂടിയായപ്പോൾ അവിടെയുള്ള ഒരു മലബാർ മൊയ്തീൻ കുട്ടി എന്ന് പറഞ്ഞ ഒരാളുണ്ട്. സാധാരണക്കാരൻ ഓനെ ഇതെല്ലാം കൂടിയായപ്പോൾ ഒരു വാശി യായി. ഞങ്ങൾ മഞ്ചേരിയിൽ ഓത്ണ കാലത്ത് ഞങ്ങളുടെ ഉസ്താദിനോട് ചെന്ന് ചോദിച്ചു അവിടത്തെ മുസ്ലി യാർ ഇങ്ങനെ പ്രസംഗിച്ചല്ലോ ഈ കൽപ്പിച്ചൂട്ടി നിസ്കാരം ഒഴിവാക്കിയാൽ ഖളാഅ് വീട്ടണം എന്നതിന് ഹദീ സുണ്ടോ. അതുപോലെ മിഅ്റാജിന്റെ നോമ്പിനും ബറാഅത്തിന്റെ നോമ്പിനും ഹദീസുണ്ടോ. എന്ന് ഉസ്താദി നോട് വന്ന് ചോദിച്ചു. മഞ്ചേരി അബ്ദുർറഹ്മാൻ മുസ്ലിയാരോട്. അപ്പോൾ ഉസ്താദ് പറഞ്ഞു. ഹൗ ഹദീ സൊന്നും നമ്മൾക്ക് തിരിയൂല. കിതാബിലൊക്കെണ്ട്. അത് വാണങ്കിൽ കൊടുക്കാം. അപ്പോൾ ഈ ചോദിച്ച യാൾക്ക് കിതാബിലുണ്ട് ഹദീസിലില്ല എന്ന് കേട്ടപ്പോൾ പിന്നെ, ഇല്ല എന്നല്ല. എന്നാലും ഹദീസും ഖുർആ നൊന്നും നമുക്ക് തിരിയൂല. നമുക്ക് ഇതേ തിരിയുള്ളൂ. എന്ന് പറഞ്ഞപ്പോൾ ഓനത് ജവാബ് അത്ര മതിയായി ല്ല. അങ്ങിനെ ഞങ്ങൾ, ഞാനും സൈനുദ്ദീൻ മുസ്ലിയാരും ആ ഇമാമും എത്ര ശക്തിയുണ്ട് അയാൾക്ക് എത്ര അറിവുണ്ട് എന്നൊക്കെ ഞങ്ങൾക്ക് അറിയാം. അവനെ സംബന്ധിച്ച് അറിയുന്നുണ്ട്. ഞങ്ങൾ ഇയാളെ വിളിച്ചിട്ട് ഞങ്ങൾ ആണ്ട് വരാം ഓനോട് ചോദിക്കാൻ. നിങ്ങള് വേണ്ട സഹായം ചെയ്ത് തരുമോ. ഏത് സഹാ യവും ചെയ്ത് തരാം. നിങ്ങൾ ആണ്ട് വന്നാമതി. ഞാൻ സൈനുദ്ദീൻ മുസ്ലിയാരും കൂടി ബുധനാഴ്ച്ച അങ്ങട്ട് ചോദിക്കാൻ വേണ്ടി പോയി. പക്ഷെ അപ്പോൾക്ക് ഒട്ടാകെ പ്രസിദ്ധമായി. ബുധനാഴ്ച്ച അന്നത്തെ കാലത്ത് മഞ്ചേരി ചന്തണ്ട്. അപ്പോൾ ആളങ്ങട്ട് കൂടി. ഒന്നായിട്ട് ആള് ചെന്ന് നോക്കുമ്പോൾ ആളുകളുടെ ഭയങ്കര തിര ക്ക്. മഞ്ചേരി പള്ളിയിൽ ഓത്ണ കുട്ട്യോള് നമ്മളെ ഖാളിനോട് ചോദിക്കാൻ വരുന്നുണ്ടോ എന്ന് പറഞ്ഞുകൊണ്ട് ആളുകൾ കൂടിയിരിക്കുന്നു. വാദപ്രതിവാദമാണോ എന്നുള്ള നിലക്ക് അപ്പോൾ സൈനുദ്ദീൻ മോല്യാര് ഈ ആളങ്ങോട്ട് കണ്ടപ്പോൾ ഇന്നെക്കൊണ്ടാവൂല ഞാൻ പോകാണ് ഞാൻ ഒഴിവാകാണ്.

മാളിയേക്കൽ : മൂപ്പരൊഴിഞ്ഞു ?

ശൈഖുനാ : അപ്പോൾ ഞാൻ പറഞ്ഞു. നിങ്ങൾ പോകാതെ എരുത്ത് നിന്നാൽ മതി. സംഗതി ഞാൻ ചെയ്തോ ളാം. അതായത് കൂടുതൽ ഭവിഷത്ത് ആലോചിക്ക്ണ കാലം ആയിട്ടില്ല. അതാ ഓത്ണ കാലല്ലെ? ഒരു 20 വയ സ്സിന് താഴെയാണ്. 19 വയസ്സ് ആയിട്ടുണ്ടാകും അന്ന്. ങ്ങള് പോകല്ലീ അവടെ നിന്നേക്കി സംഗതി ഞാൻ അയി ക്കോളാം. ഏതായാലും മൂപ്പര് പോന്നില അങ്ങനെ ഞങ്ങള് ഈ ഖാളിയേരുടെ അടുത്തേക്കാണ്ട് ചെന്നു. പള്ളി യിൽ നിൽക്കുന്നുണ്ടയാൾ. നിങ്ങൾ കഴിഞ്ഞ വെള്ളിയാഴ്ച്ചയും അതിന്റെ മുമ്പത്തെ വെള്ളിയാഴ്ച്ചയും ഇങ്ങ നൊക്കെ പറഞ്ഞു എന്ന് കേട്ടു. ഞങ്ങൾക്ക് അതിനെ പറ്റി പല സംശയങ്ങളുമുണ്ട്. അത് ചോദിക്കാൻ വന്ന താണ് എന്നു പറഞ്ഞു. ഹോ സംശയം ചോദിച്ചോളൂ വിരോധമില്ല. ന്നാ നമ്മള് മദ്രസയിലേക്കിരിക്കാം. ഇത് പള്ളിയാണ് പള്ളിയുടെ അടുത്ത് മദ്രസയുണ്ട്. മദ്രസക്കിരിക്ക്വാ. അയ്ക്കോട്ടെ എന്ന് പറഞ്ഞു അങ്ങനെ അയാള് കസാലമ്മെ ആ സ്വദർ ഇരിക്കണെ സ്ഥലത്ത് ഇരുന്നു. ഞങ്ങൾ വിദ്യാർത്ഥികളിരിക്കണെ പഠ്യ പടിമ്മ ക്കൂടി ഒന്നായിട്ട് അങ്ങനെ മദ്രസ ഫുള്ള് ആൾക്കാര്. ചുറ്റു ഭാഗത്തും നിറച്ച് ആൾക്കാര്. ആളെ പെരുപ്പം

ഒരുപാട് ബുധനാഴ്ച്ച ദിവസം കൂടിയായിട്ട്. അങ്ങനെ ആദ്യം ഞങ്ങള് ഇയാളോട് വാദപ്രതിവാദം ചെയ്യാൻ പോവണതിന് മുമ്പ് ഈ തെളിവുകളെല്ലാം കണ്ടുപിടിക്കണമല്ലോ. അപ്പോൾ കൽപ്പിച്ചൂട്ടി നിസ്കാരം ഒഴിവാക്കിയതിന് ഖളാഅ് വീട്ടിയതിന്റെ തെളിവാണ് ഇപ്പോ കിട്ടേണ്ടത്. അത് ഞങ്ങള് ബുഖാരി മുസ്ലിം ഒക്കെ നോക്കീട്ട് കിട്ടി. അതും ബനൂഖുറൈളാ യുദ്ധത്തിൽ നബി (സ്വ) സ്വഹാബത്തിനോട് പറഞ്ഞിരുന്നു. നിങ്ങൾ അവിടെ ചെന്നിട്ട് അസ്വർ നിസ്കരിച്ചാൽ മതി. അങ്ങനെ വഴിയിൽ വെച്ച് സ്വഹാബത്ത് രണ്ടഭിപ്രായക്കാരായി. അങ്ങനെ ഒരു കൂട്ടര് അവിടുന്ന് തന്നെ നിസ്കരിച്ചു. ഒരു കൂട്ടര് ഇശാഇന്റെ ശേഷം ഖളാഅ് വീട്ടി. അത് മറന്നിട്ട് അല്ല ഉറങ്ങിയിട്ടും അല്ല കൽപ്പിച്ചൂട്ടി ഒഴിവാക്കിയതിന് ആ ഹദീസ് തെളിവാക്കാൻ വിചാരിച്ചു. അത് ഇബ്നുതൈമിയ്യ വന്നാലും സംസാരിക്കാം ധൈര്യമായി. അന്നത്തെ കാലത്ത് ബുഖാരി മുസ്ലിമിന്റെ ഹദീസാണ്. പിന്നെയും കുറെ തെളിവുകൾ കിട്ടി. പരതിയപ്പോൾ കിട്ടി. പിന്നെ ബറാഅത്തിന്റെ നോമ്പിന്റെ തെളിവ് കിട്ടി. ബറാഅത്തിന്റെ തെളിവ് അത് പിന്നെ മിശ്കാത്തിൽ തന്നെയുണ്ട്. ഇബ്നുമാജന്റെ ഹദീസിൽ സ്വിഹാഹുസ്സിത്തയിൽ പെട്ട ഇബ്നുമാജ ന്റെ ഹദീസിൽ ശഅ്ബാൻ പകുതിയായാൽ നിങ്ങൾ രാത്രി നിസ്കരിക്കുവീൻ പകൽ നോമ്പനുഷ്ടിക്കുകുയം വേണമെന്ന് ഈ ഹദീസിലുണ്ട്. ആ ഹദീസ് സ്വഹീഹാണെന്ന് ഇമാം റംലി പറയുന്നത് കാണാം. സ്വഹീഹാണെന്ന് ചോദിച്ചെങ്കിൽ ഇന്നാള് സ്വഹീഹാക്കിട്ടുണ്ട് എന്ന് പറയാൻ വേണ്ടീട്ട് അതൊക്കെ നോക്കി. മറ്റേ ഹദീസ് മിഅ്റാജിന്റെ ഹദീസ് നോക്കുമ്പോൾ കാണുന്നില്ല. ഞങ്ങൾ ഒരുപാട് കിതാബ് നോക്കീട്ടും കാണുന്നില്ല. അപ്പോൾ അങ്ങനെ നിൽക്കുമ്പോൾ മഞ്ചേരിയിലെ പഴേ ഒരു മനുഷ്യൻ എന്നും ദലാഇലുൽ ഖൈറാത്തിലെ സ്വലാത്തിന്റെ ഏട് നോക്കി സ്വലാത്ത് ചൊല്ലുന്ന ഒരു പഴേ മനുഷ്യനുണ്ട് അയാൾ പറഞ്ഞ് അയ്ന്റെ ഹദീസ് നമ്മളെ സ്വലാത്തിന്റെ ഏഡിലുണ്ടല്ലോ ? ദലാഇലുൽ ഖൈറാത്തിന്റെ ഏടിലുണ്ടല്ലോ ? അങ്ങനെ നോക്കുമ്പോ ഐലുണ്ട് ഹദീസ് പറഞ്ഞിട്ട്. മിഅ്റാജിന്റെ നോമ്പിന്റെ ഹദീസുണ്ട് ആ ഹദീസ് ഇഹ്യാഇലുണ്ടെന്നുമുണ്ട്. അങ്ങനെ ഇഹ്യാ നോക്കി. മിഅ്റാജിന്റെ നോമ്പിനുള്ള ഹദീസും കിട്ടി. ബറാഅത്ത് നോമ്പിന്റെ ഹദീസും കിട്ടി. കൽപ്പിച്ചു കൂട്ടി നിസ്കാരം ഒഴിവാക്കിയാൽ ഖളാഅ് വീട്ടണം എന്നതിന്റെ ഹദീസും കിട്ടി. പിന്നെ ധൈര്യസമേതം തന്നെയാണ് പോണത്. അങ്ങനെ ആദ്യം തന്നെ നമ്മള് നല്ല ഉറപ്പ് ഉള്ള വിഷയം എടുക്കാ എന്ന് പറഞ്ഞ്. അപ്പോൾ നമ്മൾ ഓനോട് സംസാരിക്കാൻ പോയപ്പോൾ തന്നെ നഹ്‌വിലും സ്വർഫിലും ഇബാറത്തിലും അവന് ഒരു പുടുത്തവും ഇല്ല. അയ്മ വെച്ച് ആദ്യം ഒന്ന് ഒതുക്കാം. എന്നിട്ട് പിന്നെ സംസാരിക്കാം എന്നാണ് ഞങ്ങളുടെ മെയിൻ പ്ലാൻ. അപ്പൊ സൈനുദ്ദീൻ മുസ്ലിയാരെ അടുത്തന്നെ ഇരുത്തീക്ക്ണ്. ചോദിച്ച്ണത്, ഞാനാണ് ഞാൻ ചോദിച്ചു കൽപ്പിച്ചു കൂട്ടി നിസ്കാരം ഒഴിവാക്കിയാൽ ഖളാഅ് വീട്ടേണ്ടതില്ല. വീട്ടുന്നത് തെറ്റാണ് എന്ന് നിങ്ങൾ പറഞ്ഞിട്ടുണ്ടോ ? ഓ പറഞ്ഞിട്ടുണ്ട് എന്ന് പറഞ്ഞു. അതിനെതിരായി ഹദീസ് ഞങ്ങൾ തെളിയിച്ചാലോ ? എവിടെ ഹദീസ് ഇങ്ങട്ട് കൊണ്ടരി എന്ന് പറഞ്ഞു. ഞങ്ങളുടെ പ്ലാനാണ്. കൊണ്ടരിൻ എന്ന് പറഞ്ഞപ്പോ ഈ ഹദീസ് ബനൂഖുറൈളന്റെ എഴുതി കൊണ്ടെക്കാണ് ഞങ്ങള് അത് ആണ്ട് കൊടുത്തു. ഇതക്ക്ണ് ഹദീസ് എന്നു പറഞ്ഞു ആണ്ട് കൊടുത്തു. അപ്പൊ ഇബന് വല്ല്യ ആളായിക്കൊണ്ട് നോക്കാ ഞാൻ പറഞ്ഞു നോക്കിയാൽ പോരാ വായിക്കണം വായിച്ച് അർത്ഥം വെക്കണം. അപ്പോ അവിടെ വെച്ച് പുടിച്ചാനാണ്. നിങ്ങൾ ഹദീസിങ്ങനെ നോക്കിയാ പോരാ അത് വായിച്ച് അർത്ഥം വെക്കണം സദസ്സ്യര് മുഴുവൻ കേൾക്കണം. അയ്ല് ഓൻ വായിച്ചു. വായിച്ചപ്പോൾ വാസ്തവത്തിൽ തെറ്റില്ലായിരുന്നു. കൽപ്പിച്ചൂട്ടി അന്നത്തെ പോയിന്റ് പതിന്റെ പോയിന്റാണ്. മറുഭാഗത്ത് ഒരാൾ വായിച്ചാൽ എങ്ങനെ ? എന്ന് ചോദിക്കും. അപ്പോൾ ഉറപ്പില്ലെങ്കിൽ മാറ്റി വായിച്ചും അതെ പോയന്റ് പതിന്റെ പോയന്റ് ഞങ്ങളും ഉപയോഗിച്ചു. എങ്ങനെ എന്ന് ഞാൻ ചോദിച്ചു. അയ്ല് ഇയാൾ പെട്ടൊന്ന് മാറ്റി വായിച്ചു. എങ്ങനെ എന്ന് വീണ്ടും ചോദിച്ചു. അയാളെ വീണ്ടും മാറ്റി വായിച്ചു. എങ്ങനെ എന്ന് വീണ്ടും ചോദിച്ചു അയ്ല് ഇയാൾ പെട്ടൊന്ന് മാറ്റി വായിച്ചു. അത് വായിച്ചപ്പോൾ നിങ്ങൾ ആദ്യം വായിച്ചതോ അവസാനത്തിൽ വായിച്ചതോ നടുവിൽ വായിച്ചതോ ശരിയെന്ന് ചോദിച്ചു. വിഷയത്തി

ലേക്ക് കടന്നില്ല. അത് ഇങ്ങട്ട് ചോദിച്ചപ്പോൾ ബേക്ക്ന്ന് ഒരു നാടൻ പറഞ്ഞു ആ അത് അറബിയല്ലെ ? അത് ഞങ്ങൾക്ക് അത്രെ പരിചയമില്ല. നിങ്ങൾ പ്രബോധനം കൊണ്ട് വരി ഞങ്ങൾ വായിച്ചു തരാം. അതു പറഞ്ഞ തോടെ ഇബന് ഇങ്ങട്ട് തൊടങ്ങി വിയർത്ത് ഇങ്ങെ ഒലിക്കന്നെ. പിന്നെ ഒന്നിനും ഓൻ മറുപടി പറയില്ല. ഈ ബനൂഖുറൈളന്റെ ഹദീസിൽ തോറ്റാൽ ബാക്കിയൊക്കെ സുഖമല്ലെ. അത് ഞാൻ ഓനെക്കൊണ്ട് വായിപ്പിച്ച് വായിക്കാൻ ഓന് കഴിയില്ല. അതോടെ കഴിഞ്ഞ്. ആ വിഷയം അവസാനിച്ച്. ഇന്ന് ഇനിപ്പൊ എന്ത് ചോദി ച്ചാലും ഞാൻ മറുപടി പറയില്ല എന്ന് അവൻ പറഞ്ഞു. അടുത്ത ബുധനാഴ്ച്ച ചോദിച്ചാൽ മറുപടി പറയാം. ഒരു ചെറു വിഷയം ? ആ എന്തായാലും പറയില്ല. വിയർത്ത് ഇങ്ങനെ ഒലിച്ചിണ്ട്. നാടന്റെ സംസാരമാണ് തീരെ പറ്റാത്തത്. അതുപറഞ്ഞപ്പോ എന്നാൽ നിങ്ങൾക്ക് പറയാനാകില്ലെങ്കിൽ ഞങ്ങൾ വായിച്ച് അർത്ഥം വെച്ച് സദസ്സ്യർക്ക് ഒന്ന് പറഞ്ഞ് കൊടുക്കട്ടെ. അതിന് വിരോധമുണ്ടോ. ഇല്ല എന്ന് പറഞ്ഞു. അങ്ങിനെ ഞാനത് ഹദീസിൽ എഴുതിയത് നന്നാക്കി വായിച്ച് അർത്ഥം വെച്ച് അത് ജനങ്ങളങ്ങനെ ശ്രദ്ധിച്ച് കേട്ട്. ഹൈ ഇങ്ങ നെത്തെ ഹദീസ് ഒക്കെ ഉണ്ടായിട്ടാണോ ഇതൊക്കെ അങ്ങാടീന്ന് കുത്തിപ്പൊന്തിയതാണെന്ന് പറയുന്നത്. മിഅ്റാജിൽ നോമ്പിന് ഒരു കൊല്ലത്തെ കൂലി ഉണ്ട് എന്നാണ് പറയുന്നത്. എന്നൊക്കെ ജനങ്ങൾ പറയുന്നു ണ്ട്. അപ്പൊ ഇത് അവിടൊള്ളൊരു മുജാഹിദിന് ഇത് കലക്കണം. എന്ന് ആവിശ്യമുണ്ട്. സദസ്സിലുള്ള ഒരു മുജാഹിദിന് സദസ്സ് കലക്കിക്കൊണ്ട് അവസാനം ഇപ്പോൾ കിട്ടിയ വിജയം അതൊന്ന് മറച്ച് വെക്കാൻ വേണ്ടീട്ട് ഒന്ന് കലക്കുക. എന്നൊരു അഭിപ്രായം ഒരാൾക്ക് ഉണ്ട്. അവസാനമായപ്പോഴേക്ക് സൈനുദ്ദീൻ മുസ്‌ലിയാർ ഉഷാറായി. ഈ വായന തെറ്റി. ആദ്യം വായിച്ചതോ അവസാനം വായിച്ചതോ നടുവിൽ വായിച്ചതോ ശരി എന്ന് നന്നായി അങ്ങട്ട് ചോദിച്ചു. അത് നല്ലൊരു ചോദ്യാ. ആ ചോദ്യത്തിന് അവിടെ നല്ല ഒരു പ്രസക്തി ഉണ്ട്. കാരണം അവിടത്തെ കച്ചേരക്കാരെ കോടതി തന്നെയാണ് ഈ രാമ സ്വാമിയും ഉള്ളത്. രാമസ്വാമിയും ഇതേ ചോദ്യമാണ് ചോദിക്കൽ. ആദ്യം പറഞ്ഞതോ അവസാനം പറഞ്ഞതോ നടുവിൽ പറഞ്ഞതോ ശരീന്നാണ് രാമ സ്വാമിയും ചോദിക്കൽ അതൊക്കെ ഞങ്ങളെ ഇടയിൽ പ്രസിദ്ധമാണ്. അങ്ങനെ ആ ചോദ്യം വന്നപ്പോ എല്ലാർക്കും വല്ല്യ രസായി. അങ്ങനെ ഒരു മുജാഹിദ് എഴുന്നേറ്റ് എനിക്കൊരു സംശയമുണ്ട് ഈ ബനൂഖുറൈള എന്ന് പറഞ്ഞല്ലോ എന്ന് പറഞ്ഞ് അവിടെ നിർത്തി ചങ്ങായിന്റെ ലക്ഷ്യം ഇനിക്ക് മനസ്സിലായി. ചങ്ങായി നാടനാണ് കിതാബും ഒന്നും ഓതിയ ആളല്ല. കത്തിക്കച്ചോടക്കാരനാണ്. എല്ലാ ബുധനാഴ്ച്ചയും കത്തിക്കച്ചവടമാണ് ചന്തയിൽ. അവൻ ഒട്ടാകെ കലക്കും. അപ്പൊ അവിടെ എന്തെങ്കിലും പിടുത്തം കിട്ടുമോ എന്നാണ് വരുക. അപ്പോൾ ചെങ്ങായിനെ ഉടനെ ബ്രൈക്ക് ചെയ്യണമെന്ന് എനിക്ക് ഒരു അഭിപ്രായം. ഞാൻ പറഞ്ഞു ഇതുവരെ ഞങ്ങൾ സംസാരിച്ചത് ഇവിടത്തെ ഉസ്താദിനോടാണ്. ആ ഉസ്താദിനിപ്പോ മറുപടി പറയാൻ കഴിഞ്ഞിട്ടില്ല. നിങ്ങൾക്ക് മറുപടി പറയാൻ കഴിയുമോ. അപ്പോൾ അയാൾ നാടനല്ലെ അയാൾ അവിടെ ഇരുന്നു. അങ്ങനെ പൂർണ്ണ വിജയം കിട്ടി. ചെങ്ങായി ഉടനെ പോണത് എടവണ്ണ അലവിന്റെ അടുത്ത്ക്കാണ്.

മാളിയേക്കൽ : ഖത്തീബ് ?

ശൈഖുനാ : അതെ ഖതീബ്. എടവണ്ണ അലവിന്റെ അടുത്ത്ക്കാണ് പോണത്. ഞങ്ങൾക്ക് പേടിയായി. അടുത്ത ബുധനാഴ്ച്ച ഉണ്ടല്ലോ. ഉടനെ ഞങ്ങൾ വാണിയമ്പലത്തിന്റെ അടുത്തേക്ക് പോയി. എടവണ്ണ അലവി മൗലവി വരുകയാണെങ്കിൽ ഞങ്ങൾ പോരാ. ഞങ്ങൾ വാണിയമ്പലത്തേക്ക് കയറി. അബ്ദുർറഹ്മാൻ മോല്യാരെ കണ്ട്. കണ്ടപ്പോൾ അബ്ദുർറഹ്മാൻ മോല്യാര് ഞങ്ങളോട് പറഞ്ഞു. നിങ്ങളോട് സംസാരിക്കാൻ അലവി മൗലവി വരില്ല. അത് ഓൻ തന്നെ ഉണ്ടാവുകയുള്ളൂ. ഇനി അഥവാ വന്നെങ്കിൽ നിങ്ങൾക്ക് വിവരള്ളത് പറഞ്ഞാൽ ഇന്നാതന്നെ നിങ്ങൾക്ക് വിജയാ. ആ പോയിന്റ് അബ്ദുർറഹ്മാൻ മോല്യാരുടെ അടുത്ത് നിന്ന് കിട്ടിയതാ. കാരണം നിങ്ങൾ കുട്ടികളായിട്ട് ജയിച്ചു. ഇനി തോറ്റാൽ കുട്ടികളല്ലെ വിഷയമല്ല. ഞങ്ങളൊരാൾ വരേണ്ട ആവ

ശ്യമില്ല. വരുന്നതാണ് മോശം. അതിൽ ഞങ്ങൾ ഉറച്ച് നിന്നു. ഇനി ആരും വേണ്ട. നമ്മക്കന്നെ നോക്കാം. എടവണ്ണ അലവി മൗലവി വരുകയാണെങ്കിൽ നമ്മക്കന്നെ നോക്കാം. ബനൂഖുറൈളയുടെ ഹദീസിനെക്കുറിച്ച് എന്ത് പറയും ? മറന്നു എന്ന് പറയാൻ പറ്റില്ലല്ലോ. അങ്ങനെ ഞങ്ങൾ അവിടുന്ന് തിരിച്ച് പോരുമ്പോ നാട്ടുകാരെല്ലാവരും വാദപ്രദിവാദത്തിൽ ജയിച്ചു എന്നുള്ള നിലക്ക് വലിയ സ്വീകരണം എല്ലാരീം ക്ഷണിക്കലും ബഹുമാനിക്കലും അവിടെ സ്വീകരണമായി.

മാളിയേക്കൽ : മുതഅല്ലിമീങ്ങൾക്ക് ?

ശൈഖുനാ : ആ മുതഅല്ലിമീങ്ങൾക്ക്. മുതഅല്ലിമീങ്ങളായ ഞങ്ങൾക്ക് അങ്ങനെ ഞങ്ങൾ ഉറച്ച് നിന്നപ്പോഴാണ് വേറെ കച്ചേരിപ്പടിക്കന്ന് ഒരു റിപ്പോർട്ട് വന്നത്. എന്താ റിപ്പോർട്ട് എന്റെ പേരിലും സൈനുദ്ധീൻ മുസ്ലിയാരുടെ പേരിലും കേസ് കൊടുക്കുകയാണ് കമ്മിറ്റി. എന്താ കേസ് ? ഒന്ന് ഞങ്ങളുടെ മോല്യാരെ പള്ളിയിലെ ഉസ്താദിനെ അപമാനിച്ചു. രണ്ട് ഞങ്ങളെ അനുവാദം കൂടാതെ മദ്രസയിൽ പ്രവേശിച്ചു. ഈ സദർ പറഞ്ഞിട്ടാ ഞങ്ങൾ മദ്രസയിൽ പോയത്. ഈ ഇമാം പറഞ്ഞിട്ടാണ് ഞങ്ങൾ മദ്രസന്റെ ഉള്ളിൽ കയറിയത്. പക്ഷെ കമ്മിറ്റിയുടെ അനുവാദം കൂടാതെ കടന്നു എന്നുള്ള ഈ പോയിന്റും ഉസ്താദിനെ അപമാനിച്ചു എന്നുള്ള പോയിന്റും വെച്ച് കെട്ടി ഞങ്ങളെ പേരിൽ കേസ് കൊടുക്കുകയാണ്. ഈ കമ്മിറ്റിയിൽ പെട്ടവർ തന്നെ വക്കീലന്മാരുണ്ട് ഇത് കേട്ട് കഴിഞ്ഞപ്പോൾ പേടിയായി. കാരണം കേസ് ഞങ്ങൾക്ക് പരിചയമില്ല. ഇത് നല്ല വിജയാഘോഷം കൊണ്ട സമയത്താണ് ഈ വിവരം കിട്ടിയത്. കേസിന്റെ വിവരം അപ്പോ കേസ് എന്താ ചെയ്യാ.. പൈസണ്ടാ അതിനെ പറ്റി അറിയോ ഒന്നും അറിയില്ല. അതിൽ പിന്നെ എല്ലാവരും കൂടി ബേജാറായപ്പോൾ ഞാൻ പറഞ്ഞു. അത് കൊണ്ട് നിങ്ങൾ ബേജാറാവണ്ട. ഞമ്മള് ഈ ദർസ് എന്ന് പറഞ്ഞാൽ കുരുക്കളെ ദർസാ ഇസ്ഹാഖ് കുരിക്കളെ വാപ്പാന്റെ ദർസ് മൊയ്തീൻ കുട്ടി കുരിക്കളെ കുട്ടികളാണ് നമ്മൾ മൂപ്പരോട് പഞ്ഞിട്ട് മൂപ്പര് പറഞ്ഞ മാതിരി ചെയ്യാം എന്ന് തീരുമാനിച്ചു. അങ്ങനെ വെള്ളിയാഴ്ച്ച മൂപ്പര് വന്നപ്പോ എല്ലാവരും കൂടി ബഹുമാനിച്ച് എഴുന്നേറ്റ് നിന്നു. ഇസ്ഹാഖ് കുരിക്കളെ ബാപ്പയോട് ഞങ്ങൾ പറഞ്ഞു. ഞങ്ങൾ ഒരബദ്ധത്തിൽ പെട്ടിട്ടുണ്ട്. ഇവിടെ മലബാർ മൊയ്തീൻ കുട്ടി വന്ന് ഇങ്ങനെ പറഞ്ഞപ്പോൾ ഞങ്ങൾ ചോദിക്കാൻ വേണ്ടി പോയതായിരുന്നു അത് അവസാനം വാദപ്രതിവാദത്തിന്റെ സദസ്സായി മാറി. ഞങ്ങൾ പോകുമ്പോൾ ഇവിടത്തോടൊന്നും ചോദിച്ചില്ല. കാരണം ഇത്രവലിയ സദസ്സാകുമെന്ന് ഞങ്ങൾ അറിഞ്ഞിട്ടില്ല. മാത്രമല്ല ഉസ്താദിനോടും ചോദിച്ചിട്ടില്ല. ഉസ്താദിനോടും പറയാതെ ഞങ്ങൾ പോയി. അത് വലിയതായി പോയി ഇപ്പോ അവിടത്തെ കമ്മിറ്റിക്കാർ പറഞ്ഞത് ഞങ്ങളുടെ മേൽ കേസ് കൊടുക്കുമെന്നാണ്. ഞങ്ങൾക്ക് കേസിനെ പറ്റി ഒരു വിവരവും ഇല്ലല്ലോ. എന്താ ചെയ്യാ. എന്ന് ഞങ്ങൾ മൊയ്തീൻകുട്ടി കുരിക്കളോട് പറഞ്ഞു. അത് പറഞ്ഞപ്പോ മൂപ്പര് പറഞ്ഞു നിങ്ങളൊന്നും അവരോട് സംസാരിക്കാൻ പോകണ്ടതില്ലായിരുന്നു. കാരണം നിങ്ങൾ കിതാബോതിയ ആൾക്കാരാണ് ഓല് ബുക്ക് വായിച്ച ആൾക്കാരാണ്. നിങ്ങളോട് സംസാരിക്കാനൊന്നും അവർക്ക് കഴിയില്ല ഉറപ്പല്ലെ എന്തായാലും പോയില്ലെ ഇനി അതിൻമെ വരുന്നത് ഞാൻ നോക്കിക്കോളാം. നിങ്ങൾ അടങ്ങി അവിടെ ഇരുന്നോളി. അപ്പോ ഈ കേസ് കൊടുക്കുമെന്ന് പറഞ്ഞ വക്കീല് കുരിക്കളെ വീട്ടിൽ വാടകക്ക് താമസിക്കുകയാണ്. അത് പറഞ്ഞപ്പോൾ ഞങ്ങൾക്ക് സന്തോഷമായി. ആ വിവരം ഉടനെ അവിടെയും കിട്ടി. കച്ചേരിപ്പടി കമ്മിറ്റിക്ക്. ഇങ്ങനെ പറഞ്ഞ്ക്ക്ണ്. ഇത് സംഗതി ഒട്ടാകെ ഗൗരവമായി. വാഷിപിടിച്ചാൽ നമ്മക്കെല്ലാർക്കും കുടുക്കാണ്. ഒറ്റമാർഗമേ ഉള്ളൂ. ഈ ഉസ്താദിനെ ഇവിടെ നിന്ന് പറഞ്ഞയക്കുക അല്ലാതെ ഒരു മാർഗ്ഗവുമില്ല എന്ന് പറഞ്ഞു. അന്ന് തന്നെ കമ്മിറ്റി കൂടി ഖതീബിനെ പിരിച്ചുവിട്ടു. അത് ഞങ്ങടെ പ്രവർത്തനത്തിന്റെ നേട്ടാ. അങ്ങനെ കുറെയുണ്ട്. അതായത് അന്ന് നമ്മള് മഞ്ചേരി ഓത്ണ കാലത്താണ് ഈ കാലഘട്ടത്തിൽ തന്നെയാണ് തൃപ്പനച്ചി കേസ് അവിടെ ഒരു ഖാദിയാനി മരിച്ചു. അയാൾ കുടിയോത്ത് മൊല്ലയായിരുന്നു. ഒതായി

ഔളാജിയുടെ പ്രസംഗം കേട്ടിട്ട് അയാൾ ഖാദിയാനിയായി. അയാൾ മരിച്ചാൽ പള്ളിക്ക് കൊണ്ട്വരാൻ അയക്കൂല എന്നായി അങ്ങനെ വാശികൂടി. മയ്യിത്ത് കൊണ്ട് വന്നു മയ്യിത്ത് അവിടെ തന്നെ കൊണ്ടിട്ടു. അങ്ങനെ വാഷിയായി. അവസാനം പോലിസൊക്കെ വന്ന് അവിടെ തന്നെ മറമാടി. മറമാടിയതിന് ശേഷം പിന്നീട് കേസായി. തടഞ്ഞു എന്ന കേസ് ഇവരുടെ മേലിലും ഇവിടെ മറമാടാൻ പാടില്ല ഇത് സുന്നികളുടെ ശ്മശാനമാണെന്ന് നമ്മളും കേസ് കൊടുത്തു. ആ കേസ് കൊടുത്തപ്പോൾ നമ്മുടെ ഭാഗത്ത് ഇ.കെ യും കെ.കെ യുമാണ് വാദിച്ചിരുന്നത്. അവരുടെ ഭാഗത്ത് ലത്വീഫ് മൗലവി അത് പോലെ തന്നെ അലവി മൗലവിയും.

മാളിയേക്കൽ : ഖാദിയാനികൾക്ക് വേണ്ടി വാദിച്ചത്. വഹാബി മൗലവിമാരാണോ ?

ശൈഖുനാ : അതെ വഹാബികളായിരുന്നു. സുന്നികളെ പൊളിക്കാ എന്നതായിരുന്നു അവരുടെ ലക്ഷ്യം സുന്നികൾ എങ്ങനെയെങ്കിലും പൊളിയുക എന്നതാണ് അവരുടെ ലക്ഷ്യം. അങ്ങനെ വാദിച്ച് അന്ന് വക്കീലിനുള്ള ചോദ്യങ്ങളൊക്കെ പറഞ്ഞ് കൊടുക്കുന്നത് കാര്യമായി അലവി മൗലവിയാണ്. കോടതിയിൽ ഇ.കെ ആണ്. അപ്പോ ആ കേസ് കേൾക്കാൻ വേണ്ടിയാണ് ഞാൻ പോയത്. കോർട്ടുമ്മക്കേറിയത് ഇ.കെ ആണ് ഇ.കെ നെ ചോദ്യം ചെയ്തത് രാമസ്വാമി വക്കീൽ നേരത്തെ പറഞ്ഞ രാമസ്വാമി വക്കീൽ അതാണ് മഞ്ചേരി വെച്ച് ഏറ്റവും വലിയ വക്കീലിനെയാണവർ പിടിച്ചിരിക്കുന്നത്. നമ്മളുടെ വക്കീല് സാധുക്കളാ ഓലത്ര ഉശാറ് പോരാ അതുപ്പൊ നമ്മള് ചോദ്യം ചെയ്യുമ്പ അത്ര വേണന്നില്ലല്ലോ അന്ന് ഇ.കെ യെ മുട്ട് കുത്തിക്കാൻ വേണ്ടി അലവി മൗലവി പല പോയിന്റും എടുത്തു ഒന്നും നടന്നില്ല. ആദ്യം ഈ രാമസ്വാമി വക്കീൽ ചോദിച്ചു. നിങ്ങളാ സ്ഥലത്ത് തൃപ്പനച്ചി എന്ന സ്ഥലത്ത് പോയിട്ടുണ്ടോ ? ഇ.കെ പറഞ്ഞു പോയിട്ടുണ്ട്. എത്രദിവസം പോയിട്ടുണ്ട് ? ഒരു എട്ട് ദിവസം പോയി വഅളും പരിപാടിയും നടത്തിയിട്ടുണ്ട് എന്ന് ഇ.കെ പറഞ്ഞു. അതിന് ശേഷം ഈ അലവി മൗലവി ഇ.കെ നോട് ചോദിക്കാൻ പറഞ്ഞു കൊടുത്തതാണ് ആ തൃപ്പനച്ചി പള്ളിയുടെ ഹൗള് ഏത് ഭാഗത്താണ് എന്ന് ചോദിച്ചോളീ. അങ്ങനെ രാമസ്വാമി ചോദിച്ചു ആ പള്ളിന്റെ ഹൗള് ഏത് ഭാഗത്താണ് ? അതിൽ ഇ.കെ പറഞ്ഞു. ഹൗള് ഏത് ഭാഗത്താണെന്ന് എനിക്കറിയില്ല. പിന്നെ നിങ്ങളവിടെ എട്ട് ദിവസം താമസിച്ചിട്ട് ഒരു ദിവസം അഞ്ച് പ്രാവശ്യം അവിടെ ഹൗളിൽ പോയി വുളൂ എടുക്കില്ലെ പിന്നെ എങ്ങനെ അത് അറിയൂല എന്ന് പറയാ എന്ന് രാമസ്വാമി ചോദിച്ചു. അപ്പൊ അലവി മൗലവിക്ക് വലിയ കിട്ടല് പോലെയുണ്ട്. എല്ലാവരും കൂടി ചിരിക്ക്ണ്ണ്ട് എല്ലാവരും കൂടി. അബ്ദുൽലത്വീഫും അലവിയും കൂടി ചിരിക്കുന്നുണ്ടാ ഭാഗത്ത് ഞാൻ നമ്മുടെ സുന്നി ഭാഗത്താണ് നില്ക്കണത്. അപ്പൊ ഉടനെ ഇ.കെ പറഞ്ഞു. ഞാൻ ഈ ഹൗളിലൊന്നും ചെന്ന് വുളൂ ഉണ്ടാക്കാറില്ല. റൂമിലേക്ക് ചുടുവെള്ളം കൊണ്ട് വന്നാണ് വുളു ഉണ്ടാക്കൽ എന്ന് പറഞ്ഞപ്പോൾ അവരുടെ ചിരിയൊക്കെ സൈക്കിൾമെന്ന് വീണ ചിരിയായി. തോറ്റ് അന്ന് തന്നെയായി. രാമസ്വാമി ഇ.കെ നോട് ചോദിച്ചത് അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹു വഅശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ് ചെല്ലുന്നവരൊക്കെ മുസ്ലിമാവില്ലെ ? അപ്പോൾ ഇവരും (ഖാദിയാനികൾ) എന്ന അർത്ഥത്തിലാണ് ചോദിച്ചത്. അതിനാണ് ഇ.കെ പറഞ്ഞത് എന്നാ പിന്ന നിങ്ങളിപ്പോൾ മുസ്ലിമായോ ? തോറ്റ് രാമസ്വാമി മുസ്ലിമാവില്ലെ എന്നാണ് ചോദിച്ചത് പിന്നെ അയാൾ ഒന്നും മിണ്ടിയില്ല. അതുപോലെ സംഭവം ഒരുപാട് ഉണ്ടായിട്ടുണ്ട്. എല്ലാ കേസും കേൾക്കാൻ ഞാൻ പോയിട്ടുണ്ട്.

മാളിയേക്കൽ : ഉസ്താദ് നേരിട്ട് കോടതിയിൽ ഹാജറാകേണ്ടിവന്നിട്ടുണ്ടോ ?

ശൈഖുനാ : അത് ഉണ്ട്. അത് ഒന്ന് ഖാദിയാനി കേസ് എറണാംകുളത്ത് വെച്ച് ഖാദിയാനി കേസിൽ സാക്ഷി ഞാനായിരുന്നു. അതുപോലെ പൊന്നാനി കേസിലും സാക്ഷിയായി. പൊന്നാനി മൂക്കുതല പള്ളിയിലുള്ള ഖുതുബ പരിഭാഷ കേസിൽ ഞാനും ചെറിയ എ.പി യുമാണ് സാക്ഷിയായത്.

മാളിയേക്കൽ : എറണാംകേസ്കുളത്ത് എന്തായിരുന്നു വിഷയം ?

ശൈഖുനാ : അവിടെ ചെമ്പിട്ട പള്ളി എന്നൊരു പള്ളിയുണ്ട് ആ പള്ളിയുടെ പരിസരത്ത് ഖാദിയാനികൾ സജീവമായി പ്രവർത്തിച്ചപ്പോൾ അവിടത്തെ സെക്രട്ടറി ഒരു നോട്ടീസ് അടിച്ച് വിതരണം ചെയ്തു. ഖാദിയാനികൾ മുസ്‌ലിംകളല്ല. അവരുടെ പ്രവർത്തനത്തിലാരും വഞ്ചിതരാവരുത് എന്ന് പറഞ്ഞ് നോട്ടീസ് അടിച്ച് വിതരണം ചെയ്തു. അപ്പോൾ ഖാദിയാനികൾ ആ സെക്രട്ടറിയുടെ പേരിലും പ്രസ്സിന്റെ പേരിലും കേസ് കൊടുത്തു. ഞങ്ങൾ മുസ്‌ലിംകളല്ല എന്ന് പറഞ്ഞത് കൊണ്ട് ഞങ്ങൾക്ക് മാന നഷ്ടമുണ്ട് സാമ്പത്തിക നഷ്ടമുണ്ട്. അതു രണ്ടും കിട്ടേണ്ടതാണ് എന്ന് പറഞ്ഞ് കേസ് കൊടുത്തു. അങ്ങനെ കേസ് കൊടുത്ത് അപ്പോൾ ഇനി എന്ത വേണമെന്ന് അവരും ബേജാറായി. അങ്ങനെ ഞാനും എ.പി ഉസ്താദും കൂടി ലക്ഷദ്വീപ് സന്ദർശിച്ച് പോരുമ്പോൾ അയാൾ ഞങ്ങളെ സമീപിച്ചു. ഞങ്ങൾ ഇങ്ങനെ പറഞ്ഞു. ഇപ്പോൾ ഞങ്ങൾ കേസിൽ കുടുങ്ങിയിരിക്കുന്നു ഞങ്ങളെ രക്ഷപ്പെടുത്തണം ഞങ്ങൾക്ക് അതിനെ സംബന്ധിച്ച് ഒന്നും അറിയില്ലല്ലോ. എന്ന് ആ സെക്രട്ടറി വന്ന് പറഞ്ഞപ്പോൾ അതിനൊക്കെ ഇയാൾ മതിയെന്ന് എ.പി ഉസ്താദ് വെറുതെ എന്റെ പുറത്ത് കൊട്ടി. അങ്ങനെ പോന്നു ഞാനത് കണക്കിലെടുത്തില്ല പക്ഷെ അയാളെന്നെ സാക്ഷിയായി കൊടുത്തു കോടതിയുടെ ഓർഡർ വന്നപ്പോഴാണ് അറിയുന്നത്. അങ്ങനെ പോയി കോടതിയിൽ വാദിക്കാൻ പോയി അപ്പോൾ ഞാൻ ആദ്യം തന്നെ ഒരു പോയിന്റ് എടുത്തു. ഇവരൊക്കെ ആദ്യം തന്നെ ഖാദിയാനികൾ മുസ്‌ലിംകളല്ല എന്ന നിലക്കാണ് കേസിന്റെ പോയിന്റെടുത്തിരിക്കുന്നത്. വക്കീൽ വലിയ വക്കീലാണ്.

നമ്മുടെ വക്കീൽ ഹൈക്കോടതി വക്കീലാ. അയാൾ ഖാദിയാനികൾ മുസ്‌ലിംകളല്ല. എന്ന നിലക്കെന്നെ വാദിച്ച് പോവാമെന്നാണ് പറഞ്ഞത്. അപ്പോൾ ഞാനയാളെ കോടതിയിൽ എത്തുന്നതിന് മുമ്പ് തന്നെ കണ്ടു. കണ്ടിട്ടി ഞാൻ പറഞ്ഞു. ഇവിടെ പഴയ കാലത്ത് പല കോടതികളും അവർ മുസ്‌ലിംകളാണെന്ന് വിധിച്ചിട്ടുണ്ട്. അതിനെതിരെ നമ്മൾ തെളിയിച്ചാൽ തന്നെ ആ പഴയ വിധിയെടുത്തിട്ട് അവർ മുസ്‌ലിംകളാണെന്ന് പറയും അത് ബുദ്ധിമുട്ടാണ്. അതുമല്ല അങ്ങനെ നമ്മൾ തെളിയിച്ചാൽ തന്നെ അവർ ഹൈക്കോടതിയിൽ പോകും. അതിനു പുറമെ സുപ്രിംകോടതിയിൽ വരെ ഖാദിയാനികൾ പോകും. അങ്ങനെ പോകാൻ ഇപ്പുറത്ത് കഴിവില്ല. അത് കൊണ്ട് ഈ മാന നഷ്ടം കിട്ടണം എന്ന് പറഞ്ഞ ആളുകൾ മുസ്‌ലിംകളല്ല എന്ന് വാദിക്കാം. ആ ആളുകൾ മുസ്‌ലിംകളല്ല. അതു കൊണ്ട് മാനനഷ്ടം കൊടുക്കേണ്ടതുമില്ല. ഒരു മുസ്‌ലിമിനെ മുസ്‌ലിമല്ല എന്ന് പറഞ്ഞാലേ മാനനഷ്ടം കൊടുക്കേണ്ടതുള്ളൂ. മുസ്‌ലിമല്ലാത്തവനെ മുസ്‌ലിമല്ലെന്ന് പറഞ്ഞാൽ മാനക്കേടില്ല മാനനഷ്ടവുമില്ല. അതുകൊണ്ട് ഈ ആളുകൾ മുസ്‌ലിംകളല്ലെന്ന് ഞാൻ കോടതിയിൽ തെളിയിക്കാം. അതു പോരെ എന്ന് ഞാൻ ചോദിച്ചു അപ്പോൾ അത് വക്കീലിന് നല്ല പോയിന്റായി മതി..മതി അതാ നല്ലത് അയാൾക്കും തോന്നി. അങ്ങനെ ഞാൻ കോടതിയിൽ കൊടുത്ത മൊഴി മുഴുവനും നോക്കി അപ്പോൾ ആ മൊഴിയിലുണ്ട് മുഹമ്മദ് നബി അന്ത്യപ്രവാചകനല്ല എന്ന് ഇവർ പറഞ്ഞത് അതിനെ മാത്രം പിടികുടിക്കൊണ്ട് ഇവർ മുസ്‌ലിംകളല്ല എന്ന് വാദിക്കാം അങ്ങനെ ഞാൻ സാക്ഷിയായി. ഓലെ വക്കീൽ മുസ്‌ലിമല്ല ജഡ്ജിയും മുസ്‌ലിമല്ല അപ്പോൾ അതിനനുസരിച്ച് പറയേണ്ടിവരും അങ്ങനെ ആ വക്കീൽ ആദ്യം തന്നെ എന്നോട് ചോദിച്ചത് മുസ്‌ലിമിന്റെ നിർവ്വചനം പറയാൻ കഴിയോ ? മുസ്‌ലിമെന്ന് ആർക്കാ പറയാ ? അപ്പോൾ നമ്മുടെ തർക്കം ഈ കേസ് കൊടുത്ത ആള് മുസ്‌ലിമാണോ അല്ലേന്നാണ് ഞാൻ പറഞ്ഞു മുഹമ്മദ് നബി (സ്വ) അല്ലാഹുവിൽ നിന്ന് കൊണ്ട് വന്നതാണെന്ന് അനിഷേധ്യമായി അറിയപ്പെട്ട സർവ്വത്രെ കാര്യങ്ങളും അംഗീകരിക്കുന്നവർക്കാണ് മുസ്‌ലിമെന്ന്

പറയുക. ഇവർ അനിഷേധ്യമായി സ്ഥിരപ്പെട്ട സർവ്വത്ര കാര്യങ്ങളും അംഗീകരിച്ചിട്ടില്ല. മുഹമ്മദ് നബി (സ്വ) അന്ത്യ പ്രവാചകനാണെന്ന് അനിഷേധ്യമായി സ്ഥിരപ്പെട്ടതാണ്. അത് ഇവർ അംഗീകരിക്കുന്നില്ല. കോടതി യിൽ കൊടുത്ത മൊഴിയിലുണ്ട് അതു കൊണ്ട് ഇവർ മുസ്‌ലിംകളല്ല. എന്ന് ഞാൻ വാദിച്ചു അതു പറഞ്ഞ പ്പോൾ വക്കിൽ മക്കം ഫത്ഹിന് ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് ചെല്ലിയ ആളുകളെ ഖാലിദ് ബ്നു വലീദ് കൊന്നിട്ടി നബി ഖാലിദിനെ ആക്ഷേപിച്ചില്ലെ എന്ന് ചോദിച്ചു അപ്പോൾ അത് ചൊല്ലിയാൽ തന്നെ മതി. അത് ഇവരും ചെല്ലുന്നുണ്ട് ഇവർ മുസ്‌ലിംകളാണ് എന്ന് സ്ഥാപിക്കാനാണ് ആ മക്കം ഫത്ഹ് തെളിവ് ഖാദിയാനികൾ പറഞ്ഞ് കൊടുത്തതാണ്. അപ്പോൾ ഞാൻ പറഞ്ഞു അത് ചെല്ലീട്ട് എതിരായ വിശ്വാസം അവർ വെച്ചുപുലർത്തുന്നുണ്ട് എന്ന് ബോധ്യപ്പെടുന്നതിന്റെ മുമ്പ് കൊന്നത് കൊണ്ട് ആക്ഷേപിച്ചതാണ്. ഇത് അങ്ങ നെയല്ല ഇവർ ചൊല്ലിയാലും അതിനെതിരായ വിശ്വാസം ഇവർ വെച്ച് പുലർത്തുന്നുണ്ട് എന്ന് കോടതിയിൽ കൊടുത്ത് മൊഴിയിലുണ്ട് അതിന് ശേഷമാണ് നമ്മൾ പറയുന്നത് അത് രണ്ടും വ്യത്യാസമുണ്ട് എന്ന് പറഞ്ഞു. അത് പറഞ്ഞപ്പോ ഈ വക്കീലിന് എന്താ പറയേണ്ടത് എന്ന് കിട്ടിയില്ല. അയാൾ അവിടെ സ്തംഭിച്ചു നിന്നു. അതിന് ഈ മറുപടി അയാൽ പ്രതീക്ഷിച്ചില്ല. എതിര് ഉണ്ട് എന്ന് തെളിഞ്ഞാൽ പിന്നെ കൂട്ടൂല. ഒരാൾ ശഹാ ദത്ത് കലിമ ചൊല്ലി പക്ഷെ അതിന് എതിര് പ്രവർത്തിച്ചാൽ പിന്നെ ആ ചൊല്ലലിന് സ്ഥാനമില്ല ഇവിടെ തെളി ഞ്ഞിട്ടുണ്ട്. അവിടെ തെളിയാത്തോടത്താണ് നബി ആക്ഷേപിച്ചത് എന്ന് പറഞ്ഞപ്പോൾ ജഡ്ജിക്കും നല്ലോണം തിരിഞ്ഞു സദസ്സിനും തിരിഞ്ഞു. എങ്ങനെ നീങ്ങണമെന്ന് ഇയാൾക്ക് മനസ്സിലായില്ല. പിന്നെ അയാൾ പോയത് ഒന്നും ശരിയായില്ല. ഉടനെ മറുപടി കൊടുത്തു. കേസ് കഴിഞ്ഞു. പിന്നെ കേസ് ഡെയ്റ്റ് മാറ്റി നിശ്ചയിച്ചു. അപ്പൾ ഖാദിയാനികൾ എല്ലാം കൂടീട്ട് മോല്യാമാരോട് സംസാരിക്കാൻ ഞമ്മൾ പഠിപ്പിച്ച അത്ര പഠിപ്പിച്ചാൽ പോരാ ഖാദിയാനിയായ ഒരു വക്കീലിനെ തന്നെ നമുക്ക് കിട്ടണം. എന്നാലെ ഇയാളെ തോൽപ്പിക്കാൻ കഴിയൂ. എന്ന് അയാൾ യോഗം കൂടി തീരുമാനിച്ചു അങ്ങനെ പിറ്റേത്ത കേസിന് വന്ന് നോക്കുമ്പോൾ അവരെ വക്കീൽ മാറി യിരിക്കുന്നു. നോക്കുമ്പോൾ ഒരു ഖാദിയാനിയാണ്. മുഖത്തേക്ക് നോക്കുമ്പോൾ ലേശം പേടി തോന്നും പേടി കൂടിയാൽ പിന്നെ തോൽക്കും. അപ്പോൾ ചങ്ങായ്ന്റെ മുഖത്തേക്ക് നോക്കാതെ ജഡ്ജിന്റെ മുഖത്തേക്ക് നോക്കിയാൽ മതിയെന്ന് ഞാൻ തീരുമാനച്ചു. അങ്ങനെ ചങ്ങായി ചോദ്യം ചോദിക്കാൻ തുടങ്ങി. ആദ്യം തന്നെ ചോദിച്ചത് ഈസാ നബി മരിച്ചിട്ടുണ്ടോ എന്ന് അത് അവരുടെ തർത്തീബാ ഈസാ നബി മരിച്ചിട്ടുണ്ടോ ഇല്ലയോ അവർ പറയും മരിച്ചീണ് നമ്മൾ മരിച്ചിട്ടില്ലാ എന്ന് പറയുമ്പോൾ അവർക്ക് ഒരു ഒഴുക്കുണ്ട് ഇങ്ങനെയാ പോക്ക് ഭയങ്കരം വാശിയുള്ള കേസാ. അങ്ങനെ ഞാൻ ജഡ്ജിന്റെ മുഖം നോക്കി പറഞ്ഞു ഈസാ നബിനെ സംബ ന്ധിച്ച് യേശുവിനെ സംബന്ധിച്ച് പല ചരിത്രങ്ങളുമുണ്ട് അയാൾ എന്താ ആയത് എനിക്കറിയില്ല. ഈസാ നബി മരിച്ച്ക്ക്ണോ ഇല്ലേ എന്നാണ് ചോദ്യം ഞാൻ പറഞ്ഞു ഈസാ നബി എന്ന ആള് ഏകദേശം രണ്ടായിരം വർഷം മുമ്പുള്ള ആളാണ് പല റിപ്പോർട്ടുകളും കഥകളും ഉണ്ട് അയാൾ എന്തായി എന്നെനിക്കറിയില്ല. ഇത് പറഞ്ഞതോടെ ജഡ്ജി എസ് എന്ന് പറഞ്ഞു ഇന്റെ വക്കീലിന് ഭയങ്കര രസം അയാൾ പറഞ്ഞു എസ്. ആ മറുപടിയിൽ പല പോയിന്റുണ്ട് അപ്പോൾ പൊന്നുരുന്തിയും തങ്ങളും ഒക്കെ ഉള്ളതൊക്കെ തുറന്ന് പറഞ്ഞൂടെ എന്താ മറച്ച് വെക്കേണ്ട ആവശ്യം ഓലിങ്ങനെ പറയുന്നുണ്ട് ഞാനത് ശ്രദ്ധി ച്ചില്ല ഞാൻ ഇങ്ങനെ തന്നെ പോയി. അത് എന്താന്ന് വെച്ചാൽ കോടതിയിൽ ഇന്നാള് മരിച്ച്ക്ക്ണ് എന്ന് പറയ ണമെങ്കിൽ അയാൾ മരിച്ചതായിട്ട് പത്ത് മിനുട്ട് ഉള്ളിൽ അയാളെ കാണണം. അതിനപ്പുറത്ത് വെച്ചാണെങ്കിൽ കോടതി സമ്മതിക്കില്ല. പതിനൊന്ന് മീറ്റർ ദൂരത്താണ് ഞള് പറയ്ണ് കത്തി കൊണ്ട് കുത്ത്ണത് കണ്ട് മരി ച്ച്ക്ക്ണ എന്ന് പറഞ്ഞ കോടതി സ്വീകരിക്കുകയില്ല. രണ്ടായിരം വർഷം മുമ്പ് ഞാൻ ഇല്ലല്ലോ ഞാൻ കാണാ തെ എങ്ങനെ സാക്ഷി പറയും മരിച്ച്ക്കണെന്ന് സാക്ഷി പറയാൻ കഴിയില്ല. അനാവശ്യം ചോദിക്കാണ്. കോട

തിയുടെ സമയം വെറുതെ കളയാണ്. ഞാൻ അന്ന് ഇല്ലാത്തത് കൊണ്ട് ചോദിക്കുന്നത് അനാവ്ശ്യമാണ്. രണ്ടായിരം കൊല്ലം മുമ്പുള്ളാള് മരിച്ചിട്ടുണ്ടോ എന്ന് ചോദിക്കുന്നത് വിഢിത്തമാണ്. ജഡ്ജി അമുസ്ലിമല്ലെ ഈ വിഢിത്തം ഇതിലുണ്ട് ഈ സൂചന എന്റെ മറുപടിയിലുണ്ട്. അതോടെ ജഡ്ജ് എസ് എന്ന് പറഞ്ഞു. പിന്നെ ജഡ്ജിക്ക് ഇയാളോട് ഭയങ്കര വെറുപ്പ് ജഡ്ജി ഇയാളോട് ദേഷ്യപ്പെട്ടു. എന്റെ ഈ മറുപടി നമ്മുടെ വക്കീലിനും ജഡ്ജിക്കും രസമായി. ഇതാണ് പോയിന്റുള്ള മറുപടി നമ്മളും ഖാദിയാനികളും തമ്മിലുള്ള തർക്കം ഖാദിയാനി പ്രവാചകനാണോ അല്ലേ എന്നാണ്. ഈസാ നബി മരിച്ചിട്ടുണ്ടോ ഇല്ലേ അതിന് വെറുതെ സമയം കളയേണ്ടതില്ല. അതിലേക്ക് നമ്മൾ പോയാൽ അന്ന് മുഴുവൻ നിസ്കരിച്ചാലും ഒന്നും ആവൂല. പിന്നെ അത് എത്രയോ ദിവസം നീണ്ടു പോകും. ഒരു തീരുമാനത്തിലെത്തൂല. അപ്പോ അതിന് അയച്ചില്ല ഞാൻ എന്തായിന്ന് എനിക്കറിയില്ല. ചരിത്രങ്ങൾ പലതുമുണ്ട്. രണ്ടായിരം കൊല്ലം മുമ്പുള്ളതാണ്. ഞാൻ ഇനിക്ക് അറുപത് വയസ്സല്ലേ ആയുള്ളൂ ? ഞാൻ എങ്ങനെ പറയാനാണ്. അയാൾ മരിച്ചിക്ക്ണ് മരിച്ചിട്ടില്ലാന്ന് ഞാനെങ്ങനെ സാക്ഷി പറയും ? അതില് ഇയാൾ ലേശ ഒന്ന് വശളായി. ഇയാള് അതിന്മെ തന്നെ സമയം കളയാനാണ് വിചാരിച്ചത് അതില് പുടുത്തം കിട്ടീല. അയാൾ വേറെ വിഷയത്തിലേക്ക് നീങ്ങി. പിന്നെ ഈ അബൂഹസ്സൻ നദ്‌വിയെ അറിയില്ലെ എന്ന് ചോദിച്ചു. പ്രവാചകത്വ സമാപ്തി ഉണ്ടായിട്ടില്ല എന്ന രീതിയിൽ അയാളുടെ ഒരു ഇബാറത്തുണ്ട് ഇവർക്ക് അയാൾ നല്ല ഭാഷാ പണ്ഡിതനാണ് എന്ന് ഞാൻ പറയുന്നു. ഭാഷാ പണ്ഡിതൻ എന്ന് പറഞ്ഞപ്പോൾ ആ ഇബാറത്ത് എടുത്തില്ല. പതിനെട്ട് ആയത്താണ് ഖാദിയാനികൾ ഇനി പ്രവാചകൻ വരുമെന്നതിന് തെളിവായി എടുക്കാറുള്ളത്. എവിടെ ഒരു ബന്ധവും ഉണ്ടാവൂല. വെറുതെ പറഞ്ഞാക്കലാണ്. ഒരൊറ്റ ആയത്തും അങ്ങനെ പറഞ്ഞതില്ല. അതിനൊക്കെ ഞാൻ നോക്കി വെച്ച് പോയിരുന്നു. അങ്ങനെ ഇയാൾ ഒരു ആയത്തെടുത്ത് അർത്ഥം വെച്ച് ഇനിയും പ്രവാചകൻ വരും എന്നുള്ള നിലക്ക് അർത്ഥം വെച്ചു. ഞാൻ പറഞ്ഞു ആയത്തിനർത്ഥം അങ്ങിനയല്ല. എന്ന് പറഞ്ഞപ്പോൾ അയാള് മറ്റേ പരിഭാഷയെടുത്തു. മുസ്തഖ്ബിലിന്റെ അർത്ഥം തന്നെ ഹാലായിട്ട് അർത്ഥം പറഞ്ഞു. ഞാൻ പറഞ്ഞു അയാള് ഇന്നലെ മിനിഞ്ഞാന്നുള്ള ആളാണ് ഞാൻ അയിനേങ്കാറ്റി പാണ്ഡിത്യമുള്ള ആളാണ് അയാൾ പറഞ്ഞത് തെറ്റാണ് അപ്പോൾ ഈ വക്കീൽ പറഞ്ഞു ശിഹാബ് ഇതിന് അവതാരിക എഴുതിയിട്ടുണ്ട് അപ്പോൾ ഞാൻ പറഞ്ഞു ഒരു രാഷ്ട്രീയ നേതാവാണ് ആ അർത്ഥം ശരിയല്ല അർത്ഥം ഞാൻ ശരിക്ക് വെച്ച് തരാന്ന് പറഞ്ഞു. അപ്പോ അയാൾ രണ്ടാമത്തെ ആയത്തെടുത്തു അതില് ജഡ്ജി ദേഷ്യപ്പെട്ടു. ഇത് എങ്ങനെ തീരുമാനാക ? വെറുതെ കോടതിയുടെ സമയം കളയുന്നതെന്തിനാ ? നിങ്ങൾ പറഞ്ഞ അർത്ഥം ഇയാൾ സമ്മതിക്കണ്ടേ ? അല്ലെങ്കിൽ സമ്മതിപ്പിക്കണം സമ്മതിപ്പിക്കാൻ നിങ്ങളെക്കൊണ്ട് കഴിയൂല പിന്നെന്തിന് കോടതിയുടെ സമയം കളയണം എന്ന് ചോദിച്ച് ജഡ്ജ് ദേഷ്യപ്പെട്ടു. അതിൽ പിന്നെ ബാക്കിയുള്ള ആയത്തൊന്നും ഓതിയില്ല. അങ്ങനെ അവസാനം അയാൾ കോടതി കഴിയാൻ നേരത്ത് ഒരു ചോദ്യം 6666 ആയത്ത് ഖുർആനിൽ ഉണ്ടായിട്ട് ഈ ഖാതമുന്നബിയ്യീൻ എന്നുള്ളതിന് അവസാനത്തെ ആള് എന്ന് ഇവിടെയല്ലാതെ വേറെ എവിടെയെങ്കിലും അർത്ഥമുണ്ടോ ? ഇതാണ് അവസാനത്തെ ചോദ്യം. ഞെട്ടിപ്പിച്ചിട്ട് പേടിപ്പിച്ചിട്ട് ബൂട്ടിട്ട് ചവിട്ടിയൊക്കൊയാണ് ചോദ്യം. അവസാനത്തെ അടവാണ് ഞാൻ പറഞ്ഞു ഈ ഒരു സ്ഥലത്തല്ലാതെ ഖാതമ് എന്ന പദം തന്നെ ഖുർആനിൽ ഇല്ലല്ലോ. പിന്നെ എങ്ങനെയാണ് അതിന്റെ അർത്ഥം വേറെ സ്ഥലത്ത് വരുണ് ? എന്ന് ഞാൻ ചോദിച്ചു. അതിൽ എല്ലാവരും കൂടി ചരിച്ചു. അതോടെ കോടതിയുടെ സമയം കഴിഞ്ഞു, കേസും കഴിഞ്ഞു

പിന്നീട് കോടതിയുടെ വിധി വന്നത് മാനനഷ്ടം കൊടുക്കേണ്ടതില്ല. ഈ കേസ് തന്നയാളുകൾ മുസ്‌ലിംകളാണെന്ന് തെളിഞ്ഞിട്ടില്ല അവർ പറയുന്നു അവർ മുസ്‌ലിംകളാണെന്ന് ഇവർ പറയുന്നു അവർ മുസ്‌ലിംകളല്ലെന്ന്. മുസ്‌ലിംകളാണെന്ന് തെളിഞ്ഞിട്ടില്ല അത് കൊണ്ട് മുതൽ നഷ്ടം കൊടുക്കണ്ട. ആ കേസ് വിജയിച്ചു. രണ്ടാമത്തെ കേസിന് പോയത് ഖുതുബ പരിഭാഷാ കേസാണ്. ആ കേസിന് പോയപ്പോ ഞാനും ചെറിയ എ.പി. മാണ് പോയിരുന്നത് ചെറിയ എ.പി നോട് നിങ്ങൾ ഒരുപാട് കേസിൽ പങ്കെടുത്തിട്ടുണ്ട് അത് കൊണ്ട് ഇതിൽ ഞാനൊന്ന് നോക്കട്ടെ. എന്ന് പറഞ്ഞു. ചെറിയേപ്പി സമ്മതിച്ചു. ഖുതുബ എന്ന് പറഞ്ഞാൽ പ്രസംഗം എന്ന് സംബന്ധിക്കേ ചെയ്യരുത് പിന്നെന്ത് പറയണം ? കീർത്തനം എന്ന് പറയണം ദിക്റിന്റെ അർത്ഥമാണ് കീർത്തനം എന്നുള്ളത്. അങ്ങനെ പറയണം. നമ്മൾ ഒരു കാര്യം ചെയ്യാം രാത്രി നമ്മക്ക് പറയാനുള്ള വാക്കുകൾ മുഴുവനും എഴുതുക അതിന് തെളിവും എഴുതുക ഖുർആനും ഹദീസും ഫിഖ്ഹിലെ ഇബാറത്തൊക്കെ എഴുതുക അറബിയിലും മലയാളത്തിലും എഴുതുക എന്നിട്ട് കോടതിക്ക് കൊടുക്കുക. മുജാഹിദിന്റെ വിചാരണ കഴിഞ്ഞതാണ് ഓല് ഈ പോയിന്റ് എടുത്തിട്ടില്ല എഴുതിക്കൊടുത്തിട്ടില്ല നമ്മളത് എഴുതിക്കൊടുക്കാം. അതിൽ ഇങ്ങനെ പറയണം ഖുതുബ എന്ന് പറഞ്ഞാൽ പ്രസംഗം എന്നുള്ളത് ഒരിക്കലും സമ്മതിക്കരും സമ്മതിച്ചാൽ പ്രസംഗം ജനങ്ങൾക്ക് തിരിയുക എന്നാണ് വരുക. അപ്പോ അങ്ങനെ പോയേക്കാന്ന് പറഞ്ഞു അങ്ങനെ രാത്രി എഴുതി പിറ്റേന്ന് ആദ്യം തന്നെ നമ്മൾ വക്കീലിന്റെ അടുത്ത് പോയി ഒരു മൂസാന്ന് പറഞ്ഞാളാണ് നമ്മുടെ വക്കീൽ ഞാൻ വക്കീലിനോട് സംസാരിച്ചു ഞങ്ങളാണ് ഈ കോടതിയിൽ ഹാജറാകുന്നത് ഖുതുബ എന്ന് പറഞ്ഞാൽ പ്രസംഗാന്നാണ് എല്ലാവരും വിചാരിച്ചത് അത് പ്രസംഗമല്ല. അത് ഞങ്ങൾ സമ്മതിക്കൈന്നെല്ലാന്ന് പറഞ്ഞു. അപ്പോൾ ഇയാൾ ചോദിച്ചു പിന്നെ എന്താണത് ? ഞാൻ പറഞ്ഞു ഒരു കീർത്തനമാണ് അപ്പോൾ ഇയാൾ എന്താണ് കീർത്തനം എന്ന് ചോദിച്ചു നിഘണ്ടു നോക്കാമെന്ന് ഞാൻ പറഞ്ഞു അയാൾ നിഘണ്ടു മറിച്ച് നോക്കി നോക്കുമ്പോൾ പ്രത്യേക ആളുകളെ പ്രത്യേക ശൈലിയിൽ മദ്ഹ് പറയാ. മുഹ്‌യുദ്ദീൻ മാല, രിഫാഈ മാല പോലെ പ്രത്യേക ശൈലിയിൽ മദ്ഹ് പറയലാണ്. അപ്പോൾ ഇയാൾ ചോദിച്ചു ആരുടെ മദ്ഹാ ഇതിൽ പറയുന്നത്. ഞാൻ പഞ്ഞു അല്ലാഹുവിന്റെ മദ്ഹ് റസൂലിന്റെ മദ്ഹ് പറയുന്നുണ്ട് സ്വഹാബത്തിന്റെ മദ്ഹ് പറയുന്നുണ്ട്. കീർത്തനമാണിത്. പ്രസംഗം ഒരിക്കലും സമ്മതിക്കൂലാ എന്ന് പറഞ്ഞു അപ്പോൾ ഇയാൾ പറഞ്ഞു പോയി നോക്കാം. ഇയാൾക്ക് അതിലെ പോയാൽ കയ്ച്ചിലാകുമെന്ന് യാതൊരു അഭിപ്രായവുമില്ല പോയി നോക്കാമെന്ന് പറഞ്ഞു അയ്ക്കോട്ടെ. ഞാനത് വാദിക്കാം. അങ്ങനെ കോടതിയിൽ കയറി പൊന്നാനി കോടതിയിൽ നോക്കുമ്പോൾ ചോദിക്ക്ണ ആള് മുസ്‌ലിമാണ് പക്ഷെ ജഡ്ജി ഹിന്ദുവാണ്. എപ്പോൾ നമ്മൾ കണക്കിലെടുക്കേണ്ടത് അവരുടെ ഇജ്തിഹാദ് പോലെയാണ് വിഷയം വരിക. വക്കീലൻമാർക്ക് എന്തൊക്കെ ചെയ്താലും അപ്പോ ആദ്യം തന്നെ ഈ ലീഗ്കാരനായ വക്കീല് ഖുതുബ എന്നാൽ പ്രസംഗം അല്ലെ എന്ന് ചോദിച്ചു. അപ്പോ ഞാൻ ഹെ പ്രസംഗമല്ല. എന്താണ് ഇയാൾ പറീണ്ണെന്നുള്ള നിലക്ക് ഹെ പ്രസംഗല്ല. പ്രസംഗോ പ്രസംഗല്ല എന്നു പറഞ്ഞു ഇയാളൊരു വലിയ വഹീദ് പറയീണത് മാതിരിയുള്ള അഭിനയം അപ്പോ ഇയാള് പിന്നെ പ്രസംഗാണ് എന്നന്നെക്കൊണ്ട് സമ്മതിപ്പിക്കാനുള്ള മാർഗ്ഗമാണ് നോക്കുന്നത്. അതാണ് നോക്കാന്ന് നമ്മൾ ആദ്യമേ അനുമാനം ഉണ്ട്. പ്രസംഗമല്ലാന്ന് പറഞ്ഞാലും പിന്നീട് പ്രസംഗം എന്നുള്ള നിലയിൽ വരുത്തും. അതിനുള്ള പോയിന്റാണ് ഇയാളെടുക്കുന്നത് അപ്പോ ആദ്യം തന്നെ ഏതദേശം ഇതിനെത്ര സമയം വേണ്ടിവരും എന്ന് ചോദിച്ചു. അപ്പോ ഞാൻ മൂന്ന് മിനുട്ട് വേണ്ടിവരുമെന്ന് പറഞ്ഞു അത് ഇയാൾ വിചാരിച്ചത് മാതിരിയായില്ല. അരമണിക്കൂറ് എന്ന് പറയുമെന്നാണ് ഇയാള് വിചാരിച്ചത്. ഇത് പ്രസംഗാന്ന് പറയാൻ വേണ്ടി. പിന്നെ അതിൽ എന്താ പറയാന്നാ ചോദിക്ക. ആദ്യം തന്നെ മൂന്ന് മിനുട്ട് എന്നാ പറഞ്ഞത്. അത് പ്രസംഗമല്ലാ എന്നാണ് വരുന്ന

ത്. ഞമ്മക്കും ഇത് പ്രസംഗമല്ലെന്നാണ് കിട്ടേണ്ടത്. അപ്പോൾ ഇയാൾ മൂന്ന് മിനിറ്റോ, മൂന്ന് മിനിറ്റോ എന്ന് പിന്നീം പിന്നീം ചോദിച്ചു കൊണ്ടിരുന്നു. അപ്പോ ഞമ്മളെ വക്കീല് ചോദിച്ചു. എന്താ നിങ്ങള് പള്ളിക്കൊന്നും പോകാറില്ലെ. എന്താ എല്ലാവർക്കും അറീലെ മൂന്ന് മിനുട്ടാണുള്ളതെന്ന്. എന്താ പള്ളീ പോലില്ലെന്ന് ചോദിച്ചു. അപ്പോൾ ജഡ്ജി അടക്കം ചിരിച്ചു അങ്ങനെ അത് പിൻവലിച്ചു. പിന്നെ അയാളെ ഒരു പോയന്റും ശരിയായില്ല ഖുതുബ എന്ന് പറഞ്ഞാൽ അത് പ്രസംഗമല്ല. അത് മൂന്ന് മിനിട്ടാന്ന് പറഞ്ഞതോടെ ഒരു പോയിന്റും ശരിയായില്ല അങ്ങനെ അയാളെ തന്ത്രം പാളി. അങ്ങനെ ആദ്യം മൂക്ക് തല കേസിൽ പൊന്നാനിയിൽ വെച്ച് ഖുതുബ പരിഭാഷ പാടില്ല എന്ന വിധി വന്നു മുജാഹിദ് തോറ്റു. സ്ഥലം പള്ളിക്ക് പെട്ടതാണോ അല്ലെ എന്നൊരു കേസ് ഉണ്ടായിരുന്നു അത് പള്ളീക്ക് പെട്ടതാണെന്നും വിധി വന്നു. അത് രണ്ടും കൂടി വന്നപ്പോൾ അവർ പേടിച്ചു. പിന്നെ കണ്ടമാനം പണിയെടുത്തു. പിന്നെ പൈസ കൊണ്ട് പണിയെടുത്തു. വാസ്തവത്തിൽ ആദ്യത്തെ വിധിയിൽ ഖുതുബ അറബിയിൽ തന്നെ നിർവ്വഹിക്കണെ എന്ന വിധിയാണ് വന്നത് ജഡ്ജി വിചാരിച്ചു എന്തോ ഒരു കീർത്തനമുണ്ട് ഒരു മൂന്ന് മിനുട്ട് അത്പ്പോ നമ്മള് മാറ്റണ്ടാ അതിന്റെ ശൈലിയിൽ തന്നെ പോയ്ക്കോട്ടെ ഇതാണ് രണ്ടാമത്തെ കേസ്.

മാളിയേക്കൽ : സമസ്തയിൽ പിളർപ്പ് സംഭവിച്ചപ്പോൾ ഒരു ഭാഗത്ത് കണ്ണിയത്ത് അഹ്മദ് മുസ്ലിയാർ മറുഭാഗത്ത് താജുൽ ഉലമയും മറ്റു പണ്ഡിതന്മാരും ഈ സാഹചര്യത്തിൽ ഉസ്താദിനെ പോലുയുള്ള ഒരു പണ്ഡിതൻ നിഷ്പക്ഷത പാലിക്കുന്നതിന് പകരം ഒരു പക്ഷത്ത് ഉറച്ച് നിൽക്കാൻ എന്താണ് കാരണം ?

ശൈഖുനാ : കണ്ണിയത്തിനെ ഇതിൽ കക്ഷി ചേർക്കേണ്ടതില്ല. ബിദ്അത്തിനെതിരെ പ്രതികരിച്ചില്ലെങ്കിൽ അവിടെ നിഷ്പക്ഷം പാലിച്ചാൽ അവിടെ അല്ലാഹുവിന്റെ ശാപം കിട്ടും. അവിടെ ബിദ്അത്തിനെ പ്രതികരിക്കുന്ന ഭാഗത്തിലെ നമ്മളുള്ളൂ അവരും നമ്മളും പിരിഞ്ഞതിൽ പലകാരണങ്ങളുമുണ്ട്. ഒന്ന് മുജാഹിദുകളോട് സലാം പറയുക എന്നത് ഒഴിവാക്കുക എന്നതാണല്ലോ സമസ്ത രൂപീകരിച്ചത് തന്നെ ബിദ്അത്തിന്റെ കക്ഷികളെ എതിർക്കാനാണല്ലോ എന്നിട്ടാ ബിദ്അത്തിന്റെ കക്ഷികളോട് ലോഗ്യം കൂടുന്നതാണല്ലോ കാണുന്നത്. ഓലെല്ലോടത്തും ഒന്നാണല്ലോ നോമ്പ് തുറപ്പിച്ച അവിടെ ഒന്നാണ് മഹല്ലിലെ തെരഞ്ഞെടുപ്പ് നടക്കുകയാണെങ്കിൽ അവർ ഒന്നാണ് അപ്പോൾ ഇവരെ പ്രതികരിക്കാൻ വേണ്ടി രൂപികരിച്ച സമസ്തക്ക് അവരോടാ ലോഗ്യം ആ ലോഗ്യാന് നമ്മള് ഇവിടെ എത്താൻ കാരണം. അവിടെ ഒരു മധ്യം സ്വീകരിക്ക്ണ പ്രശ്നേ ഇല്ല. അത് അബൂബക്കർ സിദ്ദീഖ് പറഞ്ഞമാതിരി ഞാൻ അബൂബക്കർ സിദ്ദീഖിന്റെ പരമ്പരയിൽ പെട്ട ആളാണ്. ഖാതൽത്തുഹും വലൗ വഹദീ. ഞാൻ ഒറ്റക്കാണെങ്കിലും അവരോട് യുദ്ധം ചെയ്യും എന്നെന്ന അവിടയുള്ളത്. അവിടെ ഒരു എട സ്വീകരിക്കാൻ പറ്റില്ല. ബിദ്അത്തിനോട് അവർക്കുള്ള ലോഗ്യാണ് അവരിൽ നിന്ന് തെറ്റി നമ്മൾ ഇതിൽ ഉറച്ച് നിൽക്കാൻ കാരണം. ബിദ്ത്തിനോട് അവർക്ക് ലോഗ്യമുണ്ട് എന്നത് വ്യക്തമാണ്. അന്നും അതിന് ശേഷവുമുള്ള ഒരുപാട് പ്രവർത്തനങ്ങൾകൊണ്ട് തെളിഞ്ഞ് കഴിഞ്ഞതാണ്. ഇപ്പളും അവരുടെ ആശയം അവരെങ്ങനെ എതിർക്കണ്ടാ എന്നാണല്ലോ.

ഇസ്ലാമിക് പബ്ലിഷിംഗ് ബ്യൂറോക്ക് വേണ്ടി മാളിയേക്കൽ സുലൈമാൻ സഖാഫി നടത്തിയ അഭിമുഖത്തിൽ സംഭാഷണത്തിന്റെ പൂർണ്ണ രൂപം ഉൾക്കൊള്ളുന്ന വീഡിയോ സീഡി ഐ.പി.ബിയിൽ നിന്നും ലഭ്യമാണ്.

M.M ABDUL MAJEED SAQUAFI

MADARI MANHALAM THODI

MUDIKKODE, KADAMBOD. PO

MANJERI, MALAPPURAM